بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 33

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

ആക്ടിങ് എഡിറ്റർ: അംനാസ് പി.കെ

2026 ആഗസ്റ്റ് 13 • ഹി.ശം 1405 സ സുഹൂർ 13 • ഹി. ഖ. 1448 സഫർ 29

**വിശുദ്ധ ഖുർആനിൽ നിന്ന്:**



## അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കുക

اِنَّ اللّٰہَ یَاۡمُرُکُمۡ اَنۡ تُؤَدُّوا الۡاَمٰنٰتِ اِلٰۤی اَہۡلِہَا ۙ وَاِذَا حَکَمۡتُمۡ بَیۡنَ النَّاسِ اَنۡ تَحۡکُمُوۡا بِالۡعَدۡلِ ؕ اِنَّ اللّٰہَ نِعِمَّا یَعِظُکُمۡ بِہٖ ؕ اِنَّ اللّٰہَ کَانَ سَمِیۡعًۢا بَصِیۡرًا (سورۃ النساء:٥٩)۔

അർഥം: നിശ്ചയമായും അല്ലാഹു, അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്നു നിങ്ങളോടു കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികല്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധികല്പിക്കണം (എന്നും നിങ്ങളോട് അല്ലാഹു കല്പിക്കുന്നു). അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാണ്.



**ഹദീസ്:**

## മറ്റുള്ളവരെ നിന്ദ്യാദൃഷ്ട്യാ നോക്കുന്നത് ദോഷം ചെയ്യും

عَنْ أَبِي هُرَيْرَةَ رَضِيَ اللّٰهُ عَنْهُ، قَالَ: قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: إِذَا ضُيِّعَتِ الْأَمَانَةُ، فَانْتَظِرِ السَّاعَةَ، قَالَ: كَيْفَ إِضَاعَتُهَا يَا رَسُولَ اللّٰهِ؟ قَالَ: "إِذَا أُسْنِدَ الْأَمْرُ إِلَى غَيْرِ أَهْلِهِ فَانْتَظِرِ السَّاعَةَ

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) പറഞ്ഞു: വിശ്വസ്തതകൾ (അമാനത്തുകൾ) നഷ്ടപ്പെട്ടുതുടങ്ങിയാൽ അന്ത്യനാൾ പ്രതീക്ഷിച്ചുകൊള്ളുക. ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരെ, അവ നഷ്ടപ്പെടുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? അവിടുന്ന് പറഞ്ഞു: അർഹതയില്ലാത്ത ആളുകളെ ഭരണാധികാരികളാക്കിയാൽ അന്ത്യനാൾ പ്രതീക്ഷിച്ചുകൊള്ളുക.

*(ബുഖാരി, കിതാബുർ റിഖാഖ്, ബാബ് റഫ്ഇൽ അമാനത്ത്, ഹദീസ് നമ്പർ: 6496)*

عَنْ أَبِي مُوسَى، عَنِ النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ، قَالَ: "إِنَّ الْخَازِنَ الْمُسْلِمَ الْأَمِينَ الَّذِي يُنْفِذُ، وَرُبَّمَا قَالَ: يُعْطِي مَا أُمِرَ بِهِ فَيُعْطِيهِ كَامِلًا مُوَفَّرًا، طَيِّبَةً بِهِ نَفْسُهُ، فَيَدْفَعُهُ إِلَى الَّذِي أُمِرَ لَهُ بِهِ أَحَدُ الْمُتَصَدِّقَيْنِ

അബൂമൂസാ (റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) പറഞ്ഞു: മുസ്‌ലീങ്ങളുടെ സ്വത്തുക്കളുടെമേൽ അധികാരിയായി നിയോഗിക്കപ്പെട്ട ഒരു മുസ്‌ലിം, അവൻ വിശ്വസ്തനും സത്യസന്ധനുമാണെങ്കിൽ, തന്നോട് കൽപ്പിക്കപ്പെടുന്ന കാര്യം കൃത്യമായി നടപ്പിലാക്കുകയും, വല്ലതും നല്കാൻ കൽപ്പിക്കപ്പെട്ടാൽ അത് പൂർണ സന്തോഷത്തോടും സുമനസ്സോടും കൂടി അതിന്റെ അവകാശിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് നല്കുകയും ചെയ്താൽ, അങ്ങനെയുള്ള വ്യക്തിയും പ്രായോഗികമായി ധർമ്മം (സ്വദഖ) നല്കിയവനെപ്പോലെ കണക്കാക്കപ്പെടുന്നതാണ്.

*(മുസ്‌ലിം, കിതാബുസ്സക്കാത്ത്, ബാബ് അജ്‌റിൽ ഖാസിൻ അൽഅമീൻ വൽമർഅത്...)*

**ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:**



## അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും, വിശ്വാസപരമായ കരാറുകളെയും, അതുപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളെയും കരാറുകളെയും മനുഷ്യൻ തന്റെ കഴിവിന്റെ പരമാവധി പാലിച്ച് സൂക്ഷിക്കുക

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:


അല്ലാഹു വിശുദ്ധ ഖുർആനിൽ സൂക്ഷ്മതയെ (തഖ്‌വ) വസ്ത്രമെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. 'ലിബാസുത്തഖ്‌വാ' എന്നത് ഖുർആനിലെ പ്രയോഗമാണ്. ആത്മീയ സൗന്ദര്യവും ആത്മീയ അലങ്കാരവും തഖ്‌വയിലൂടെ മാത്രമാണ് ഉണ്ടാകുന്നത് എന്ന കാര്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും, വിശ്വാസപരമായ കരാറുകളെയും, അതുപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളെയും കരാറുകളെയും മനുഷ്യൻ തന്റെ കഴിവിന്റെ പരമാവധി പാലിച്ച് സൂക്ഷിക്കുക എന്നതാണ് തഖ്‌വ; അതായത് അവയുടെ അതിസൂക്ഷ്മമായ വശങ്ങൾപോലും തന്നാലാവും വിധം നടപ്പിലാക്കുക. അല്ലാഹു പരിപൂർണ മനുഷ്യന് നല്കിയിട്ടുള്ള അവന്റെ എല്ലാ ശേഷികളും, ബുദ്ധിയും, അറിവും, ഹൃദയവും, ആത്മാവും, ഇന്ദ്രിയങ്ങളും, ഭയവും, സ്നേഹവും, ബഹുമാനവും, അന്തസ്സും, ആത്മീയവും ശാരീരികവുമായ സകല അനുഗ്രഹങ്ങളുമാണ് അമാനത്ത് (വിശ്വസ്തത/സൂക്ഷിപ്പുമുതൽ) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തുടർന്ന്

اِنَّ اللّٰہَ یَاۡمُرُکُمۡ اَنۡ تُؤَدُّوا الۡاَمٰنٰتِ اِلٰۤی اَہۡلِہَا

എന്ന വചനമനുസരിച്ച് മനുഷ്യൻ ഈ മുഴുവൻ അമാനത്തുകളും ദൈവീക സന്നിധാനത്തിലേക്ക് തിരിച്ചുനല്കുന്നു; അതായത് അവനിൽ ലയിച്ചുചേർന്നുകൊണ്ട് അവന്റെ മാർഗത്തിൽ അവയെ സമർപ്പിക്കുന്നു... ഏറ്റവും ഉയർന്നതും പൂർണവും തികവാർന്നതുമായ ഈ ഉന്നത പദവി നമ്മുടെ നേതാവും, നമ്മുടെ രക്ഷകനും, നമ്മുടെ മാർഗദർശിയും, നിരക്ഷരനും, സത്യസന്ധനും, സത്യം സ്ഥിരീകരിച്ചവനുമായ മുഹമ്മദ് മുസ്തഫാ (സ) യിൽ ഏറ്റവും പ്രകടമായ രീതിയിൽ നിലകൊണ്ടിരുന്നു.

*(ആയിനയെ കമാലാതെ ഇസ്‌ലാം, പേജ് 161-162)*

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## ഈ അമാനത്ത് നിങ്ങളുടെമേൽ ഭരമേൽപ്പിക്കപ്പെടുമ്പോൾ നിങ്ങൾ അതിൽ ഒരിക്കലും വഞ്ചന കാണിക്കരുത്

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)

وَالَّذِیۡنَ ہُمۡ لِاَمٰنٰتِہِمۡ وَعَہۡدِہِمۡ رٰعُوۡنَ

എന്ന ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് പ്രസ്താവിക്കുന്നു:

സഹാബികൾ കാണിച്ചുതന്ന മാതൃക എത്രമാത്രം ഉന്നതമാണ്! ക്രിസ്ത്യാനികളുടെ ഒരു പ്രധാന കേന്ദ്രമായിരുന്ന ഹിംസ് നഗരം മുസ്‌ലീങ്ങളുടെ അധീനതയിലാകുകയും, ക്രിസ്ത്യാനികളിൽ നിന്ന് ലക്ഷക്കണക്കിന് രൂപ നികുതിയായി അവർ പിരിച്ചെടുക്കുകയും ചെയ്തു. എന്നാൽ യുദ്ധപരമായ തന്ത്രങ്ങളുടെ ഭാഗമായി ആ നഗരം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നപ്പോൾ, അവർ അവിടത്തെ ഉത്തരവാദപ്പെട്ട വ്യക്തികളെ വിളിച്ചുവരുത്തുകയും അവരുടെ മുഴുവൻ പണവും തിരികെ നല്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: 'നിങ്ങളുടെ ജീവനും സ്വത്തിനും ഞങ്ങൾ സംരക്ഷണം നല്കാം എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ നിങ്ങളിൽ നിന്ന് ഈ നികുതി ഈടാക്കിയത്. എന്നാൽ ഇപ്പോൾ സാഹചര്യങ്ങൾ സങ്കീർണമാകുകയും ഞങ്ങൾ ഈ നഗരം വിട്ടുപോകുകയും ചെയ്യുന്നതിനാൽ, നിങ്ങളുടെ പണം ഞങ്ങളുടെ പക്കൽ സൂക്ഷിക്കുന്നത് സത്യസന്ധതയ്ക്കും വിശ്വസ്തതയ്ക്കും എതിരാണെന്ന് ഞങ്ങൾ കരുതുന്നു.' അങ്ങനെ ലക്ഷക്കണക്കിന് രൂപ അവർക്ക് തിരികെ നല്കുകയുണ്ടായി. ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ ഈ സംഭവം എത്രമാത്രം ആഴത്തിലുള്ള സ്വാധീനമാണ് ചെലുത്തിയത് എന്ന് ചരിത്രം

ശേഷം പേജ് 8 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# അഹ്‌ലെ ഖുർആൻ, അഹ്‌ലെ ഹദീസ് വിഭാഗങ്ങളുടെ അഭിപ്രായവ്യത്യാസങ്ങളും 'ഹകം, അദ്ൽ' (വിധികർത്താവും നീതിമാനും) എന്നീ നിലകളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കല്പിച്ച തീർപ്പും

സൗദി അറേബ്യ നിയമനിർമാണത്തിൽ മുതവാത്തിറായ ഹദീസുകളല്ലാതെ മറ്റെല്ലാ ഹദീസുകളുടെയും പ്രയോഗക്ഷമതയെ സംശയകരമായി കണക്കാക്കി തള്ളികളഞ്ഞു എന്ന രീതിയിലുള്ള വാർത്തകൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ടായിരുന്നു. സോഷ്യൽ മീഡിയയിലൂടെ രാപകലില്ലാതെ മുസ്ലിം ജനവിഭാഗങ്ങളുടെ വികാരങ്ങളെ ഇളക്കിവിട്ട് വിലകുറഞ്ഞ പ്രശസ്തി നേടാൻ ശ്രമിക്കുന്ന ചില മുസ്ലിം മൗലവിമാരും അവരുടെ അനുയായികളും ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

യഥാർഥത്തിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് സൗദി ഭരണകൂടം തങ്ങളുടെ രാജ്യത്തെ സാമ്പത്തികവും സാമൂഹികവുമായ തലങ്ങളിൽ മെച്ചപ്പെടുത്തുന്നതിനായി 'വിഷൻ 2030' എന്ന പേരിൽ ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. എണ്ണവരുമാനത്തിന് പുറമെ സൗദി അറേബ്യയെ ശക്തമായ സാമ്പത്തിക അടിത്തറയിൽ നിർത്തുവാൻ സഹായിക്കുന്ന മാർഗങ്ങൾ കണ്ടെത്തുകയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. വിനോദസഞ്ചാരം, സാങ്കേതികവിദ്യയിലെ നിക്ഷേപം വർദ്ധിപ്പിക്കൽ, ആധുനിക നഗരങ്ങളുടെ നിർമാണവും വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സ്ഥാപനവും, സ്ത്രീകൾക്ക് തൊഴിലവസരങ്ങളും സ്വാതന്ത്ര്യവും നല്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇവയോടൊപ്പം ചില മതപരമായ പരിഷ്കാരങ്ങളും ഉണ്ടായിരുന്നു; അതിലൊന്നാണ് നിയമനിർമാണത്തിൽ ഖുർആനോടൊപ്പം മുതവാതിറായ ഹദീസുകളിൽ നിന്ന് സഹായം തേടുകയും ഹദീസിലെ ഉഹാദ്, ഖബർ എന്നീ വിഭാഗങ്ങളെ താഴ്ന്ന ഘട്ടത്തിൽ നിലനിർത്തുകയും ചെയ്യുക എന്നത്.

സൗദി അറേബ്യൻ സർക്കാർ ഇതു സംബന്ധമായി എന്താണ് പ്രസ്താവിച്ചത് എന്നതും, കാര്യങ്ങളെ ഊതിപ്പെരുപ്പിച്ച് വിലകുറഞ്ഞ പ്രശസ്തി നേടുന്ന മൗലവിമാർ ഇതിനെക്കുറിച്ച് എന്ത് പറയുന്നു എന്നതും മാറ്റിവച്ചുകൊണ്ട്; യുഗപുരുഷനായ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) വിശുദ്ധ ഖുർആൻ, സുന്നത്ത്, ഹദീസുകൾ എന്നിവയിലൂടെ നേടേണ്ട മാർഗനിർദേശങ്ങളെക്കുറിച്ച് നല്കിയ ഉപദേശങ്ങൾ ഇവിടെ വിവരിക്കുകയാണ്. മുസ്ലിം ഉമ്മത്തിന് എവിടെയൊക്കെ അബദ്ധങ്ങൾ പിണയുകയും മാർഗനിർദ്ദേശം ആവശ്യമായി വരുകയും ചെയ്തിട്ടുണ്ടോ, അവിടെയൊക്കെ അല്ലാഹുവിന്റെ കല്പനയാൽ അദ്ദേഹം ശരിയായ മാർഗം കാണിച്ചുതന്നിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ അഹ്‌ലെ ഖുർആൻ എന്ന വിഭാഗം രൂപപ്പെട്ടിരുന്നു. അബ്ദുല്ലാഹ് ചക്ടാലവി സാഹിബും ഗുലാം അഹ്മദ് പർവേസി സാഹിബുമായിരുന്നു അക്കാലത്ത് അതിന്റെ സ്ഥാപകർ. ഇവരുമായി അഹ്‌ലെ ഹദീസ് പണ്ഡിതന്മാർ നിരന്തരം സംവാദങ്ങളിൽ ഏർപ്പെട്ടിരുന്നു. അത്തരം ഒരു സംവാദം 1902-ൽ അബ്ദുള്ള ചക്ടാലവി സാഹിബും മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബും തമ്മിൽ നടക്കുകയുണ്ടായി. അബ്ദുല്ലാഹ് സാഹിബ് അഹ്‌ലെ ഖുർആൻ വിഭാഗക്കാരനും മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് അഹ്‌ലെ ഹദീസ് വിഭാഗക്കാരനുമായിരുന്നു. അബ്ദുല്ലാഹ് ചക്ടാലവിയും അനുയായികളും വിശുദ്ധ ഖുർആനെ മാത്രം അംഗീകരിക്കുകയും ഹദീസുകളെ പ്രായോഗികമായി സ്വീകരിക്കാൻ യോഗ്യമല്ലെന്ന് കരുതുകയും ചെയ്തു. എന്നാൽ ഹദീസുകൾ ദൈവഗ്രന്ഥമായ ഖുർആനുമേൽ ഖാസി (വിധികർത്താവ്) ആണ് എന്നതായിരുന്നു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിന്റെ വിശ്വാസം. ഇരുവരും അമിതത്വത്തിന്റെയും അതിമിതത്വത്തിന്റെയും വഴികളിലേക്ക് പോയി. ഈ സംവാദത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവലോകനം എഴുതുകയുണ്ടായി. അത് റൂഹാനി ഖസായിൻ വാള്യം 19-ൽ 'റിവ്യൂ ബർ മുബാഹസാ ബട്ടാലവി വ ചക്ടാലവി' എന്ന തലക്കെട്ടിൽ ലഭ്യമാണ്. വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും മഹത്തായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ഇരു വിഭാഗത്തിനും നല്കിയ ഉപദേശങ്ങൾ താഴെ നല്കുന്നു. മുസ്ലിം പണ്ഡിതന്മാർക്കും അവരുടെ ഭരണകൂടങ്ങൾക്കും ഇത് അനുകരണീയമായ മാർഗനിർദേശമാണ്.

അവിടുന്ന് പ്രസ്താവിച്ചു: "നിങ്ങളുടെ രക്ഷാമാർഗത്തിനായി അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ നല്കിയിരിക്കുന്നു എന്നാണ് എന്റെ മതം. അവയിൽ പ്രഥമസ്ഥാനം ഖുർആനാണ്. സന്മാർഗത്തിനുള്ള രണ്ടാമത്തെ മാർഗം സുന്നത്ത് അഥവാ നബി തിരുമേനി (സ) യുടെ കർമ്മപരമായ നടപടിക്രമങ്ങൾ ആകുന്നു. ഉദാഹരണമായി നമസ്കാരം, നോമ്പ് എന്നിത്യാദി എങ്ങനെ അനുഷ്ഠിക്കണമെന്നും ചെയ്തു കാണിച്ചു. ഇതാണ് സുന്നത്ത്. അതായത് നബിചര്യ. അല്ലാഹുവിന്റെ വചനങ്ങളെ കർമപരമായി കാണിച്ചുതരികയുണ്ടായി. ഇതിന്റെ പേരാണ് സുന്നത്ത്. മൂന്നാമത്തെ മാർഗം ഹദീസ് ആണ്. നബിയുടെ വഫാത്തിന് ശേഷം തിരുവചനങ്ങൾ സ്വരുക്കൂട്ടപ്പെടുകയുണ്ടായി. ഹദീസിന്റെ സ്ഥാനം ഖുർആനും സുന്നത്തിനും കീഴെ ആകുന്നു. കാരണം അധികം ഹദീസുകളും അനുമാനത്തിൽ അധിഷ്ഠിതമാണ്. എന്നാൽ അതോടൊപ്പം സുന്നത്ത് ഉണ്ടെങ്കിൽ അത് സാധൂകരിക്കപ്പെടുന്നു."

*(നൂഹിന്റെ പേടകം, പേജ് 47, 2018 എഡിഷൻ)*

വാസ്തവത്തിൽ, ഈ രണ്ട് കക്ഷികളിൽ ഒരു കക്ഷി അതിരുകടന്നപ്പോൾ രണ്ടാമത്തെ കക്ഷി അനാസ്ഥയുടെ മാർഗമവലംബിച്ചു. ഒന്നാം കക്ഷിയായ മുഹമ്മദ് ഹുസൈൻ സാഹിബ്, തിരുനബിയുടെ മർഫൂഉം മുത്തസിലുമായ ഹദീസുകൾ തള്ളിക്കളയേണ്ടതോ നിരസിക്കേണ്ടതോ ആയ വസ്തുക്കളല്ല എന്ന് പറഞ്ഞത് സത്യമാണെങ്കിലും; പദവികൾ നിലനിർത്തുക എന്ന തത്ത്വം മറന്നുകൊണ്ട് അവിടുന്ന് ഹദീസുകളുടെ പദവിയെ വിശുദ്ധ ഖുർആന് അപമാനം വരുത്തുന്ന തരത്തിലുള്ള ഉയർന്ന ഗോപുരത്തിലേക്ക് ഉയർത്തുന്നു. ഇത് ഖുർആന്റെ നിഷേധത്തിലേക്ക് നയിക്കുന്നു. ഇത് വ്യക്തമായ തെറ്റും നീതിയുടെ പാതയിൽ നിന്നുള്ള വ്യതിചലനവുമാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

فَبِاَیِّ حَدِیۡثٍۭ بَعۡدَ اللّٰهِ وَاٰیٰتِهٖ یُؤۡمِنُوۡنَ

(അതായത്: അപ്പോൾ അല്ലാഹുവിനും അവൻറെ ദൃഷ്ടാന്തങ്ങൾക്കും പുറമെ ഏതൊരു വൃത്താന്തമാണ് അവർ വിശ്വസിക്കുക?) അദ്ദേഹത്തിന്റെ എതിരാളിയായ മൗലവി അബ്ദുല്ലാഹ് സാഹിബ് അനാസ്ഥയുടെ വഴിയിലാണ് കാലെടുത്തുവച്ചത്. അദ്ദേഹം ഹദീസുകളെ പൂർണമായി നിഷേധിച്ചു. ഹദീസുകളെ നിഷേധിക്കുന്നത് ഒരു തരത്തിൽ വിശുദ്ധ ഖുർആനെയും നിഷേധിക്കലാണ്. കാരണം അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

قُلۡ اِنۡ کُنۡتُمۡ تُحِبُّوۡنَ اللّٰهَ فَاتَّبِعُوۡنِیۡ یُحۡبِبۡکُمُ اللّٰهُ

അതുകൊണ്ട് അല്ലാഹുവിന്റെ സ്നേഹം നബി തിരുമേനി (സ)യെ പിന്തുടരുന്നതുമായി ബന്ധപ്പെട്ടിരിക്കെ, അദ്ദേഹത്തെ പിന്തുടരുന്നതിന് ആവശ്യമായ പ്രായോഗിക മാതൃകകൾ മനസ്സിലാക്കുന്നതിനുള്ള ഒരു മാർഗം ഹദീസാണ്. ആകയാൽ ആര് ഹദീസിനെ ഉപേക്ഷിക്കുന്നുവോ, അവൻ ആ പിന്തുടർച്ചയുടെ മാർഗത്തെയും ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. മറ്റ് ഹദീസ് പണ്ഡിതന്മാരിൽ നിന്നും വിമർശകരിൽ നിന്നും വ്യത്യസ്തമായി ഹദീസുകളെ പരിശോധിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ മാനദണ്ഡം ഇതാണ്: വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളോട് യോജിച്ചുപോകുന്ന ഏതൊരു ഹദീസും, അത് എത്രത്തോളം ളഈഫ് (ദുർബലം) ആണെങ്കിലും സ്വീകരിക്കപ്പെടേണ്ടതാണ്. ഇനി ഏതെങ്കിലും ഒരു ഹദീസ് അത് എത്രത്തോളം പ്രമാണികവും മുതവാത്തിറും ആണെങ്കിലും, വിശുദ്ധ ഖുർആന്റെ വ്യക്തമായ അധ്യാപനങ്ങൾക്കെതിരാണെങ്കിൽ, ആദ്യം അവ തമ്മിൽ സമന്വയിപ്പിക്കാൻ ശ്രമിക്കണം. എന്നാൽ ഒരു തരത്തിലും ആ വൈരുദ്ധ്യം പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിൽ, അത്തരം ഹദീസുകളെ ഉപേക്ഷിക്കണം. കാരണം അത് റസൂലുല്ലാഹ്(സ) തങ്ങളിൽ നിന്നുള്ളതാകാൻ സാധ്യതയില്ല.

കൂടാതെ അവിടുന്ന് അരുളി: ഏതെങ്കിലും ഒരു ഹദീസ് ഒരു പ്രവചനത്തെ ഉൾക്കൊള്ളുന്നതും എന്നാൽ മുഹദ്ദിസീങ്ങളുടെ (ഹദീസ് പണ്ഡിതന്മാർ) അടുക്കൽ അത് ളഈഫ് ആയതുമാണെങ്കിൽ, ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ആ പ്രവചനം സത്യമായി പുലരുകയാണെങ്കിൽ ആ ഹദീസിനെയും സത്യമായി കരുതുക. ആ ഹദീസിനെ ളഈഫ് എന്നും മൗളൂഅ് (നിർമിതം) എന്നും വിശേഷിപ്പിച്ച നിവേദകരെയും ഹദീസ് പണ്ഡിതന്മാരെയും തെറ്റുപറ്റിയവരും കളവ് പറഞ്ഞവരുമായി

ശേഷം പേജ് 9 ൽ

ഖുത്ബ ജുമുഅ

2026 ജൂൺ 26, 1405 ഇഹ്സാൻ 26
മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദാരതയുടെയും ദാനശീലത്തിന്റെയും അതുല്യ മാതൃക

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

**അല്ലാഹുവിന്റെ നിർദേശവും നബി തിരുമേനി(സ)യുടെ ജീവിത മാതൃകയും പിൻപറ്റിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലും ദരിദ്രരോടുള്ള കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും ധാരാളം സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കും.** അവിടുന്ന് തന്റെ പ്രവാചകത്വ വാദത്തിന് ശേഷമുള്ള കാലത്ത് മാത്രമല്ല, തന്റെ ജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിലും യൗവനത്തിലും ഉന്നതമായ സ്വഭാവ സവിശേഷതകൾ വച്ചുപുലർത്തിയിരുന്നു. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വളർത്തിയെടുത്ത മാതാവിന്റെ ജീവിതത്തിലേക്ക് നോക്കുമ്പോഴും ദരിദ്രരോടുള്ള കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും സംഭവങ്ങൾ കാണാം. **അവിടുന്ന് അത്തരം ഒരു മാതാവിന്റെ മടിത്തട്ടിലാണ് വളർന്നത്, അവർ അദ്ദേഹത്തിന് ഉന്നതമായ സ്വഭാവങ്ങൾ പഠിപ്പിച്ചു. അങ്ങനെ അല്ലാഹു അദ്ദേഹത്തിന്റെ പ്രകൃതത്തിൽ തന്നെ നന്മ നിക്ഷേപിച്ചതോടൊപ്പം മാതാവിന്റെ ഭാഗത്തുനിന്നും നല്ലൊരു അന്തരീക്ഷം സംജാതമായി.** അതിനാൽ അദ്ദേഹത്തിന്റെ മാതാവിന്റെ ഈ ഔദാര്യത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ഇങ്ങനെ രേഖപ്പെടുത്തുന്നു:

''ഹദ്റത്ത് മായ് ചിരാഗ് ബീബി സാഹിബ അഥവാ ഹദ്റത്ത് അഖ്ദസ്(അ)ന്റെ മാതാവിന്റെ കുടുംബം ഹോശിയാർപൂർ ജില്ലയിലെ ആഇമ എന്ന സ്ഥലത്തെ ഒരു മാന്യവും ശുദ്ധ വംശീയവുമായ മുഗൾ കുടുംബമായിരുന്നു. ഔദാര്യവും അതിഥി സൽക്കാരവും അവരുടെ സ്വഭാവത്തിൽ നിറഞ്ഞുനിന്നിരുന്നു. ഒരു ഉത്തമ സ്ത്രീയിൽ ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ അവരിൽ ഉണ്ടായിരുന്നു. അവർ എപ്പോഴും സന്തോഷവതിയും പക്വമതിയുമായിരുന്നു. അതിഥി സൽക്കാരത്തിനായി അവരുടെ ഹൃദയത്തിൽ വലിയ ആവേശവും വിശാലതയും ഉണ്ടായിരുന്നു. അവരുടെ ഔദാര്യവും അതിഥി സൽക്കാരവും കണ്ടവർ ഇന്നും ജീവിച്ചിരിപ്പുണ്ട് എന്ന് മൗലവി ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു. പുറത്തുനിന്നാരെങ്കിലും വന്ന് നാലുപേർക്ക് ഭക്ഷണം വേണം, അതിഥികൾ വന്നിട്ടുണ്ട് എന്ന് അറിയിച്ചാൽ, അകത്തുനിന്ന് എട്ടുപേർക്ക് പോലും തികയുന്നത്ര ഭക്ഷണം അയക്കുമായിരുന്നു. മറ്റാരെങ്കിലും വന്നാൽ അവർക്കും കഴിക്കാമല്ലോ എന്ന് കരുതിയായിരുന്നു അത്. അതിഥികൾ വരുന്നതിൽ അവർക്ക് അതിരറ്റ സന്തോഷമായിരുന്നു. തുടർന്ന് എഴുതുന്നു, തന്റെ നഗരത്തിലെ ദരിദ്രരെയും അശക്തരെയും അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദരിദ്രരായ ആളുകളുടെ മരണശേഷം അവരുടെ കഫൻ പുടവ അവരുടെ വകയായി ലഭിക്കുമായിരുന്നു എന്നതാണ് അവരുടെ പ്രത്യേകതകളിൽ ഒന്ന്. ദരിദ്രനായ ഒരാൾ മരിച്ചാൽ അവന്റെ കഫൻ അടക്കമുള്ള കാര്യങ്ങൾ അവർ ക്രമീകരിച്ചിരുന്നു. ചുരുക്കത്തിൽ, ദരിദ്രരോടുള്ള സഹാനുഭൂതിയും സഹായവും കാരണം അവർ എല്ലാവർക്കും ഒരു വാത്സല്യനിധിയായ മാതാവിനെപ്പോലെയായിരുന്നു. **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിപാലനത്തിൽ ഹദ്റത്ത് അമ്മാ ജാന്റെ ഈ ഗുണങ്ങളും സ്വഭാവങ്ങളും വലിയ സ്വാധീനം ചെലുത്തി. അവർ വലിയൊരു കുടുംബത്തിന്റെ ഉടമയാകാനിരുന്നതുകൊണ്ട്, ദരിദ്രരോടുള്ള അനുകമ്പയിലും അതിഥി സൽക്കാരത്തിലും ഔദാര്യത്തിലും അദ്വിതീയയായ ഒരു കരുണയുള്ള മാതാവിന്റെ മടിത്തട്ടിൽ അല്ലാഹു അദ്ദേഹത്തെ വളർത്തി. അങ്ങനെ ഈ ഗുണങ്ങൾ അദ്ദേഹം മുലപ്പാലിനൊപ്പം കുടിച്ചു വളർന്നു. ആത്മസംതൃപ്തി, ധീരത, സത്യസന്ധത തുടങ്ങിയ ഗുണങ്ങൾ പിതാവിൽ നിന്ന് ലഭിച്ചപ്പോൾ, അതിഥി സൽക്കാരം, ഔദാര്യം, ദരിദ്രരോടുള്ള അനുകമ്പ എന്നിവ മാതാവിൽ നിന്നാണ് ലഭിച്ചത്.**"

*(ഹയാത്തെ അഹ്മദ്, വാല്യം 1, ഭാഗം 2, പേജ് 217-218)*

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യൗവനകാലത്തെ ഔദാര്യവുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ച്** ഹദ്റത്ത് മിയാൻ അല്ലാ യാർ സാഹിബിന്റെ വിവരണം ഇപ്രകാരമാണ്, ഹുസൂർ സിയാൽകോട്ടിൽ ജോലി ചെയ്തിരുന്നപ്പോൾ ഒരിക്കൽ അദ്ദേഹത്തിന് വേണ്ടി മാതാവ് രണ്ട് ജോടി വസ്ത്രങ്ങളും കുറച്ച് മധുരപലഹാരങ്ങളും മംഗൾ ഹജ്ജാം എന്നൊരാളുടെ കയ്യിൽ കൊടുത്തുവിട്ടു. മംഗൾ ഹജ്ജാം വഴിയിൽ ഞങ്ങളുടെ ഗ്രാമത്തിലൂടെയാണ് വന്നത്. തിരികെ വന്നപ്പോൾ മിയാൻ അല്ലാ യാർ സാഹിബ് പറയുന്നത്, അദ്ദേഹം ഞങ്ങളുടെ ഗ്രാമത്തിലൂടെ കടന്നുപോയി. ഞാൻ ഈ സാധനങ്ങൾ സിയാൽകോട്ടിലേക്ക് കൊണ്ടുപോയി അദ്ദേഹത്തിന്റെ മുന്നിൽ വച്ചപ്പോൾ, താങ്കൾക്കുള്ളത് എടുത്തോളൂ, എനിക്കുള്ളത് എനിക്ക് തന്നേക്കൂ എന്ന് ഹുസൂർ പറഞ്ഞു. ഞാൻ പറഞ്ഞു, ഹുസൂർ, ഇത് അങ്ങേക്കുള്ളതാണ്, അമ്മാജാൻ അങ്ങേക്ക് വേണ്ടി കൊടുത്തയച്ചതാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു, താങ്കൾ ഇത്ര ദൂരം ചുമന്നുകൊണ്ട് വന്നതല്ലേ, അതുകൊണ്ട് പകുതി ഭാഗം തീർച്ചയായും എടുക്കണം. അങ്ങനെ എനിക്ക് ഒരു ജോഡി വസ്ത്രവും കുറച്ച് സ്വീറ്റ്സും തന്നു. എന്നിട്ട് പറഞ്ഞു, അമ്മാജാനോട് പോയി പറയൂ, എന്നെ ഇവിടുന്ന് വേഗം തിരികെ വിളിക്കണം, എനിക്ക് ഇവിടെ മനസ്സ് ഉറയ്ക്കുന്നില്ല, ആളുകൾ അനർഹമായ കാര്യങ്ങളിലാണ് ജീവിതം കഴിച്ചുകൂട്ടുന്നത്, അവരെ കാണുമ്പോൾ എന്റെ മനസ്സ് നീറുന്നു.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ് 230)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബിനെ ഉദ്ധരിച്ച് പറയുന്നത്, ഞാൻ സിയാൽകോട്ടിൽ ആയിരുന്നപ്പോൾ ഹദ്റത്ത് ഹാഫിസ് മുഹമ്മദ് ശഫീഅ് സാഹിബ് ഖാരിയുടെ മാതാവായ മായ് ഹയാത്ത് ബീബി സാഹിബയെ(ഇവർ ഫസൽ ദീൻ സാഹിബിന്റെ മകളാണ്) കാണാൻ അവസരം ലഭിച്ചു. മിർസാ സാഹിബ് ആദ്യം താമസിച്ചിരുന്നത് ഝണ്ടാവാല മഹല്ലിൽ സ്ഥിതി ചെയ്യുന്ന ഞങ്ങളുടെ ഇന്നത്തെ വീടിനോട് ചേർന്നുള്ള ഒരു കെട്ടിടത്തിലായിരുന്നു എന്ന് മായി സാഹിബ പറഞ്ഞു. ആ വീട് തകർന്നുപോയപ്പോൾ മിർസാ സാഹിബ് കശ്മീരി മഹല്ലിലെ എന്റെ പിതാവിന്റെ വീട്ടിലേക്ക് മാറി. വീട്ടിൽ വന്നപ്പോൾ അദ്ദേഹം ആരോടും സംസാരിക്കാറില്ലായിരുന്നു എന്ന് അവർ പറയുന്നു. കൂടാതെ, **മിർസാ സാഹിബ് ലഭിച്ചിരുന്ന ശമ്പളം അവിടുത്തെ പരിസരത്തെ വിധവകൾക്കും ദരിദ്രർക്കും വീതിച്ചു നല്കുമായിരുന്നുവെന്നും, അവർക്ക് വസ്ത്രം വാങ്ങി നല്കുകയോ പണമായി നല്കുകയോ ചെയ്യുമായിരുന്നുവെന്നും, തനിക്കാവശ്യമായ ഭക്ഷണത്തിനുള്ള പണം മാത്രം വച്ചുകൊള്ളുമായിരുന്നുവെന്നും അവർ പറഞ്ഞു.**

*(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 3, വിവരണം 625, പേജ് 594-595)*

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നത്, **ഔദാര്യത്തിന്റെയും ദാനശീലത്തിന്റെയും കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതം പരിശോധിക്കുമ്പോൾ, അദ്ദേഹത്തിന് ഉന്നതമായ ഈ സ്വഭാവത്തിന്റെ വലിയ വിഹിതം ലഭിച്ചിരുന്നു എന്ന് മനസ്സിലാക്കാം. അദ്ദേഹത്തിന് ബോധമുറച്ച കാലം മുതൽ തന്നെ ഈ രീതി ജീവിതത്തിലുണ്ട്.** നന്നേ ചെറുപ്പത്തിലും യൗവനത്തിലും. ഇത് അദ്ദേഹം നിയോഗിക്കപ്പെട്ടതിന് ശേഷം നിർബന്ധത്താൽ ഉണ്ടായതല്ല, മറിച്ച് അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമായിരുന്നു. ഇത്തരത്തിലുള്ള സ്വഭാവങ്ങൾ ചിലപ്പോൾ പരമ രഹസ്യമായിരിക്കും, ചിലപ്പോൾ പ്രകൃത്യാ തന്നെ മറ്റുള്ളവർക്ക് മനസ്സിലാകും വിധവും. അദ്ദേഹത്തിന്റെ പൊതുവായ പ്രവണത എല്ലാം രഹസ്യമായിരിക്കണം എന്നായിരുന്നു. ഏതെങ്കിലും ഒരു നന്മ

ചെയ്താൽ അത് മറഞ്ഞിരിക്കണം. അതിനാൽ ജീവിതത്തിന്റെ പ്രാരംഭ കാലത്തെ ഔദാര്യത്തിന്റെ സംഭവങ്ങൾ പൊതുവെ രഹസ്യമായിരുന്നു. കാരണം അദ്ദേഹം ഒതുങ്ങിക്കൂടുന്ന ആളായിരുന്നു. ആ കാലത്ത് രഹസ്യമായി ആളുകളെ സഹായിക്കുമായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തെ പരസ്യമായി നിയോഗിക്കുകയും ആളുകളുടെ വരവ് കൂടുകയും ചെയ്തതോടെ അദ്ദേഹത്തിന്റെ കാര്യങ്ങൾ പരസ്യമായി. അപ്പോൾ ഇത്തരം സംഭവങ്ങൾ കാണുന്നവരും വിവരിക്കുന്നവരും ഉണ്ടായി. **യാചകരെ അദ്ദേഹം ഒരിക്കലും മടക്കി അയക്കാറില്ലായിരുന്നു എന്ന് രേഖപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം,**

اَمَّا السَّآئِلَ فَلَا تَنْهَرْ

**അഥവാ യാചകനോട് ഒരിക്കലും ദേഷ്യപ്പെടരുത് എന്ന വചനത്തിന്റെ പ്രായോഗിക ചിത്രമായിരുന്നു.**

ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് പറയുന്നു, ഒരു ദിവസം അസർ നമസ്കാരത്തിന് ശേഷം പതിവുപോലെ അദ്ദേഹം എഴുന്നേറ്റ് മസ്ജിദിലെ ജനാലയ്ക്കകത്തേക്ക് കടക്കാൻ കാലെടുത്തു വച്ചു. അപ്പോൾ ഒരു യാചകൻ പതുക്കെ പറഞ്ഞു: ഞാൻ ഒരു യാചകനാണ്. ഹുസൂറിന് ആ സമയത്ത് അത്യാവശ്യമായ ഒരു പണിയുണ്ടായിരുന്നു. കൂടാതെ നമസ്കാരശേഷം എഴുന്നേറ്റ ആളുകളുടെ ശബ്ദത്തിൽ അയാളുടെ ശബ്ദം കലർന്നുപോയിരുന്നു. എങ്ങനെയോ ഹുസൂർ അകത്തേക്ക് കടന്നുപോയി, ശ്രദ്ധിച്ചില്ല. ശബ്ദം ചെവിയിൽ എത്തിയെങ്കിലും മറ്റു പണികളുടെ തിരക്ക് മനസ്സിലുണ്ടായിരുന്നു. എന്നാൽ താഴെ എത്തിയപ്പോൾ ചെവിയിൽ വീണ ആ താഴ്ന്ന ശബ്ദം അദ്ദേഹത്തിന്റെ ഹൃദയത്തിൽ വലിയ സ്വാധീനം ചെലുത്തി. അകത്ത് എത്തിയപ്പോൾ എന്തോ ഒരു ശബ്ദം ഞാൻ കേട്ടിരുന്നു. ആരോ ഞാൻ യാചകനാണ് എന്ന് പറഞ്ഞിരുന്നു എന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ നീറി. വേഗം തിരികെ വന്ന് ഖലീഫ നൂറുദ്ദീൻ സാഹിബിനെ വിളിച്ച് ചോദിച്ചു: ഒരു യാചകൻ ഉണ്ടായിരുന്നു, അവനെ നോക്കൂ. അപ്പോഴേക്കും ആ യാചകൻ പോയിരുന്നു. ഖലീഫ സാഹിബ് കിണഞ്ഞു പരിശ്രമിച്ചെങ്കിലും കണ്ടെത്താനായില്ല. ഏതായാലും, വൈകുന്നേരം നമസ്കാരത്തിന് ശേഷം ഇരുന്നപ്പോൾ ആ യാചകൻ വീണ്ടും വന്ന് യാചിച്ചു. ഹുസൂർ വളരെ വേഗത്തിൽ കീശയിൽ നിന്ന് എന്തോ എടുത്ത് അവന്റെ കയ്യിൽ വച്ചു കൊടുത്തു. ഹുസൂർ വളരെ സന്തോഷവാനായി കാണപ്പെട്ടു, അദ്ദേഹത്തിന്റെ ചുമലിൽ നിന്ന് വലിയൊരു ഭാരം ഇറക്കിവെച്ചതുപോലെ. കുറച്ചു ദിവസങ്ങൾക്ക് ശേഷം അദ്ദേഹം പറഞ്ഞു: **അന്ന് ആ യാചകനെ കാണാത്തപ്പോൾ എന്റെ മനസ്സിൽ വലിയൊരു ഭാരമുണ്ടായിരുന്നു. അത് എന്നെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നു. ഞാൻ യാചകന്റെ കാര്യത്തിൽ ശ്രദ്ധിച്ചില്ലല്ലോ എന്നൊരു തെറ്റ് എന്നിൽ നിന്ന് സംഭവിച്ചുവോ എന്ന് ഞാൻ പേടിച്ചു.**

**'അല്ലാഹുവിന് സ്തുതി, അവൻ വൈകുന്നേരം തിരികെ വന്നു, അല്ലെങ്കിൽ ഞാൻ എത്രമാത്രം അസ്വസ്ഥനാകുമായിരുന്നു. അവനെ തിരികെ കൊണ്ടുവരണമെന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നു.'**

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 2, പേജ് 285-286)*

അതുപോലെ ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി തന്റെ ജീവചരിത്രത്തിൽ ഒരിടത്ത് എഴുതുന്നു, ഖാദിയാനിൽ നിന്ന് ഏകദേശം ആറ് മൈൽ അകലെയുള്ള സഠ്യാലി എന്ന ചെറിയ ഗ്രാമത്തിൽ നിന്ന് ഒരു ജട്ട് ഫക്കീർ പതിവായി വരാറുണ്ടായിരുന്നു. അവനെ കണ്ടിട്ടുള്ള പലരും ഇന്നും ജീവിച്ചിരിപ്പുണ്ട്. അവൻ മസ്ജിദുൽ മുബാറക്കിന്റെ മേൽക്കൂരയ്ക്ക് താഴെ വന്ന് ബൈത്തുൽ ഫിക്റിന്റെ പടിഞ്ഞാറൻ ഭിത്തിയിലുള്ള ജനലിനടുത്ത് നിന്ന് ഇങ്ങനെ വിളിച്ചു പറയുമായിരുന്നു. ഗുലാം അഹ്മദേ, ഒരു രൂപ വേണം. എന്നിട്ട് അവൻ അവിടെ ഇരിക്കും. ഹദ്റത്ത് സാഹിബ്(അ) ചിലപ്പോൾ ഏതെങ്കിലും ജോലിയിൽ മുഴുകിയിരിക്കുകയായിരിക്കും. ആ സമയത്ത് അവന്റെ വിളി കേൾക്കാൻ സാധിച്ചില്ലെങ്കിൽ അവൻ കുറച്ചു കഴിഞ്ഞ് വീണ്ടും വിളിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ശല്യപ്പെടുത്തുന്നതായി കരുതി ഇത് ചില ആളുകൾക്ക് ഇഷ്ടമായിരുന്നില്ല. ആരെങ്കിലും അവനെ ശകാരിച്ചാൽ അവൻ പറയുമായിരുന്നു: ഞാൻ നിങ്ങളുടെ അടുത്തല്ല വന്നിരിക്കുന്നത്, ഞാൻ ഗുലാം അഹ്മദ്(അ)നോടാണ് ചോദിക്കുന്നത്. ആരെങ്കിലും അവനെ എന്തെങ്കിലും പറഞ്ഞതായി ഹദ്റത്ത് അഖ്ദസ്(അ) അറിഞ്ഞാൽ അദ്ദേഹത്തിന് അത് ഇഷ്ടപ്പെടില്ലായിരുന്നു. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് അവന് രൂപ നല്കുമായിരുന്നു. **യാചകരെ അധികനേരം കാത്തുനിർത്താത്തത് അദ്ദേഹത്തിന്റെ ശീലമായിരുന്നു.**

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 2, പേജ് 292)*

ഹദ്റത്ത് ചൗധരി അബ്ദുല്ലാഹ് ഖാൻ സാഹിബ് പറയുന്നു: ഒരിക്കൽ നടക്കാൻ പോയി മടങ്ങിവരുമ്പോൾ വീട്ടിലേക്ക് പ്രവേശിക്കാൻ തുടങ്ങിയപ്പോൾ ലങ്കോട്ടി ധരിച്ച ഒരു ദർവേശ് വിളിച്ചു ചോദിച്ചു. അതൊരു ഫക്കീറായിരുന്നു. വസ്ത്രങ്ങൾ ഇല്ലാത്തതുകൊണ്ട് അതാണ് അവർക്കുള്ള മുജാഹദ എന്ന് കരുതി ചിലർ അത്തരം വസ്ത്രങ്ങൾ ധരിക്കുന്നു. അവൻ വിളിച്ചു പറഞ്ഞു, ദാതാ, ദാതാ! എന്തെങ്കിലും തരു. അല്ലാഹുവാണ് ദാതാ(നല്കുന്നവൻ) എന്ന് പറഞ്ഞ് ഹുസൂർ അകത്തേക്ക് കയറിപ്പോയി. അവൻ ദാതാവേ എന്ന് വിളിച്ചപ്പോൾ അല്ലാഹുവാണ് ദാതാവ് എന്ന് അദ്ദേഹം പറഞ്ഞു. അവൻ വീണ്ടും വിളിച്ചു, പറഞ്ഞു: ദാതാവ് അല്ലാഹു തന്നെയാണ്, അവിടുന്ന് എന്തെങ്കിലും തരൂ. ഹുസൂർ അവന് എന്തോ അയച്ചു കൊടുത്തു. അവന് പ്രത്യേകിച്ച് അതിലൂടെ ശിക്ഷണം ലഭിക്കുമായിരുന്നില്ല മറിച്ച് അദ്ദേഹത്തിന്റെ ഈ വാക്കിലൂടെ നമ്മുടെ സംസാരത്തിൽ ശിർക്കിന്റെ ചെറിയ അംശം പോലും ഉണ്ടാകരുത് എന്ന പാഠം അദ്ദേഹം തന്റെ ആളുകൾക്ക് നല്കി.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 5, പേജ് 298)*

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു, ഒരിക്കൽ ഒരു യാചകൻ വന്നു. ഖാദിയാനിലെ തെരുവുകളിൽ അവൻ ചുറ്റിക്കറങ്ങുമായിരുന്നു. അവൻ രാവിലെ എഴുന്നേറ്റ് ഹദ്റത്ത് മീർ ഹാമിദ് ഷാ സാഹിബ് മർഹൂമിന്റെ കവിത പാടും. കവിതയുടെ വരികൾ ഇതായിരുന്നു:

ہوا ناصر خدا تیرا امرے اے قادیاں والے
ہمیں بخشی اماں تُو نے ہے اے دارالاماں والے

അല്ലയോ എന്റെ ഖാദിയാൻകാരാ, ദൈവം നിന്റെ സഹായിയായി,

അല്ലയോ ദാറുൽ അമാൻ വാസി, നീ എനിക്ക് അഭയം നല്കി.

അവൻ ഇത് പാടിക്കൊണ്ടിരിക്കുമായിരുന്നു. ചിലപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു കവിതയും പാടും:

ہر طرف فکر کو دوڑا کے تھکایا ہم نے

ചിന്തകളെ എല്ലാ വശങ്ങളിലേക്കും പായിച്ച് ഞങ്ങൾ തളർന്നുപോയി. ഖാദിയാനിൽ മുഴുവൻ കറങ്ങി നടന്ന് അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കവിതകൾ പാടുമ്പോൾ ഹദ്റത്ത് മഖ്ദൂമുൽ മില്ലത്ത് മൗലാന മൗലവി അബ്ദുൽ കരീം സാഹിബ്(റ)ന് വലിയ ദേഷ്യം വരുമായിരുന്നു. ആ കവിതയുടെ അർഥം ഗ്രഹിക്കാൻ അവന് കഴിയില്ലെന്നും, അത് വലിയൊരു യാഥാർത്ഥ്യമാണെന്നും അദ്ദേഹം പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തിത്വത്തിൽ മാത്രം കാണപ്പെടുന്ന ഒരു അവസ്ഥയാണത്. സാധാരണക്കാരനായ ഒരാൾക്ക് ആ യാഥാർഥ്യം ഉൾക്കൊള്ളാൻ കഴിയില്ല. അദ്ദേഹത്തോടുള്ള പ്രണയവും സ്നേഹവും കൊണ്ടാണ് മൗലവി അബ്ദുൽ കരീം സാഹിബിന് ദേഷ്യം വന്നത്. റമദാൻ മാസത്തിൽ അവൻ ഖാദിയാനിൽ കറങ്ങി നടന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ കാലയളവിൽ അവന് പലതവണ നല്കിയിരുന്നു. എന്നാൽ അവൻ പറയുമായിരുന്നു, എന്റെ പാത്രം നിറയ്ക്കുക. പെരുന്നാൾ ദിവസം അവൻ വലിയൊരു പാത്രവുമായി പള്ളിയിലെ വാതിലിനടുത്ത് പുതപ്പ് വിരിച്ച് ഇരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നപ്പോൾ, എന്റെ ഭിക്ഷപാത്രം നിറയ്ക്കൂ എന്ന് അവൻ ആവശ്യപ്പെട്ടു. ഹദ്റത്ത് അഖ്ദസ്(അ) അതിലേക്ക്

**• ഹദീഥുന്നബ്‌വി ﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി ﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഒരു രൂപ ഇട്ടു. അത് വീണതോടെ നാണയ മഴതന്നെ വർഷിച്ചു. പലതരം നാണയങ്ങൾ കൊണ്ട് ആ പാത്രം നിറഞ്ഞു. യാചകന്റെ ആവശ്യം കേട്ടപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് ഒരു രൂപ ഇട്ടു. ഹുസൂർ രൂപയിട്ടപ്പോൾ അവിടുത്തെ അനുയായികളും അവനെ സഹായിച്ചു, അങ്ങനെ അവന്റെ പാത്രം നിറഞ്ഞു.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 2, പേജ് 292-293)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: 1905-ൽ അവസാനമായി ഡൽഹിയിലേക്ക് പോയപ്പോൾ, ഒരു ദിവസം ഡൽഹിയിലെ മഖ്ബറകൾ സന്ദർശിക്കാൻ ഹുസൂർ പുറപ്പെട്ടു. വഴികളിൽ യാചകർ ധാരാളമുണ്ടെന്നും കടന്നുപോകാൻ പ്രയാസമാണെന്നും ആരോ പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇന്ന് നാം പോകുകയും അവിടെ ഇരിക്കുന്ന എല്ലാ യാചകർക്കും നല്കുകയും ചെയ്യും. ഇതൊരു സാധാരണ തീരുമാനമായിരുന്നില്ല. ആരെങ്കിലും ചോദിച്ചാൽ കൊടുക്കാൻ അദ്ദേഹം തയ്യാറായിരുന്നു. അവിടെ യാചകർ പറഞ്ഞതിലും കുറവായിരുന്നു ഉണ്ടായിരുന്നത്, എങ്കിലും കണ്ടവർക്കെല്ലാം അദ്ദേഹം ദാനം നല്കി.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 2, പേജ് 308)*

ഹദ്റത്ത് ഹാഫിസ് അഹ്മദ് അല്ലാഹ് സാഹിബ് നാഗ്പുരി പറയുന്നു: ഒരു ദിവസം ഹുസൂർ ഗോൾ കമരയിൽ ഇരിക്കുകയായിരുന്നു, അവിടെ ഇരുപത്തിയഞ്ചോളം ആളുകൾ ഉണ്ടായിരുന്നു. അവിടുന്ന് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഫക്കീർ വന്ന് ഉറക്കെ ചോദിച്ചു. ഹുസൂറിന്റെ പ്രസംഗത്തിന് തടസ്സമായല്ലോ എന്ന് കരുതി എനിക്ക് വലിയ ദേഷ്യം തോന്നി. ഞാൻ വാതിലടച്ചു. അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. അദ്ദേഹം പ്രസംഗം നിർത്തി എന്നോട് പറഞ്ഞു, പോയി വീട്ടിന്റെ വാതിലിൽ മുട്ടി ആ യാചകന് വീട്ടിൽ നിന്ന് എന്തെങ്കിലും നല്കൂ. വാതിലടച്ചത് എന്തിനാണ് എന്ന് ചോദിച്ച്, വീട്ടിനുള്ളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവന്ന് അവന് നല്കി. യാചകൻ ചോദിക്കുമ്പോൾ വാതിലടക്കുന്നത് നല്ലതല്ല എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

*(സീറത്ത് അഹ്മദ്, ഖുദ്റത്തുല്ലാഹ് സനോരി സാഹിബ്, പേജ് 87-88)*

ഹദ്റത്ത് ബാബു ഗുലാം മുഹമ്മദ് സാഹിബ് പറയുന്നു: ഒരു സാരംഗി വായിക്കുന്നവൻ യാചകനായി ഹുസൂറിന്റെ വീട്ടുവാതിലിലെത്തി. ഹുസൂർ അവന് നാലണ നല്കി. മീർ നാസിർ നവാബ് സാഹിബ് മുകളിൽ നിന്ന് വന്നു. അദ്ദേഹം അപ്പോഴേക്കും അകത്തേക്ക് പോയിരുന്നു. മീർ സാഹിബ് അവനെ കണ്ടപ്പോൾ സാരംഗി വായിച്ചതിന് ശകാരിക്കുകയും ഇനി ഇങ്ങോട്ട് വരരുത് എന്ന് പറയുകയും ചെയ്തു. അടുത്ത ദിവസം അവൻ വീണ്ടും വന്നു. ഹുസൂർ അവന് നല്കാൻ പുറത്തുവന്നപ്പോൾ അവൻ അവിടെ ഉണ്ടായിരുന്നില്ല. മീർ സാഹിബിനെ കണ്ട ഭയത്താൽ അവൻ ഓടിപ്പോയിരുന്നു. അദ്ദേഹം ആരോടോ പറഞ്ഞു, പോയി ആ സാരംഗി വായിക്കുന്നവനെ അന്വേഷിക്കൂ. അവൻ ഓടിപ്പോയി എന്ന് ആരോ പറഞ്ഞു. അവിടുന്ന് പറഞ്ഞു, എന്നാൽ താങ്കളും ഓടിപ്പോയി അവനെ കൂട്ടികൊണ്ടുവരൂ. അവൻ വന്നു, മീർ സാഹിബിനെ കണ്ടപ്പോൾ പേടിച്ചു. അപ്പോൾ ഹുസൂർ മീർ സാഹിബിനോട് പറഞ്ഞു, മീർ സാഹിബ്, ഇവൻ എന്ത് ചെയ്യാനാണ്? അവന് മറ്റൊരു ജോലിയും അറിയില്ല. സാരംഗി വായിക്കുന്നു, വാദ്യം വായിക്കുന്നു. താങ്കൾ അവന് എന്തെങ്കിലും ജോലി പഠിപ്പിച്ചു കൊടുക്കൂ. അപ്പോൾ അവൻ ഇത് വായിക്കില്ല. അവന് ഉപജീവനം കണ്ടെത്തി കൊടുക്കൂ. പിന്നീട് ആ യാചകനോട് സ്വകാര്യമായി പറഞ്ഞു: ഇവിടെയുള്ള ദിവസങ്ങളിൽ സാരംഗി വായിക്കരുത്. മീർ സാഹിബിന് ദേഷ്യം വരും. ചിലപ്പോൾ തല്ലുകിട്ടിയെന്നും വരും. നിശബ്ദമായി വാതിലിലെ ചങ്ങല ഇളക്കുക, ഞാൻ എന്തെങ്കിലും തരാം. അങ്ങനെ ഖാദിയാനിൽ ഉള്ള ദിവസങ്ങളിലെല്ലാം അവൻ നാലണ വീതം കൊണ്ടുപോകുമായിരുന്നു.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 247)*

ഹദ്റത്ത് സയ്യിദ് ഫസൽ ഷാഹ് സാഹിബ് പറയുന്നു: ഒരു ഫക്കീറിന് ഹദ്റത്തിന്റെ അടുത്ത് വന്ന് ഒരു അണ വേണം, രണ്ട് അണ വേണം, എട്ട് അണ വേണം എന്ന് പറഞ്ഞ് ചോദിക്കുന്ന ശീലമുണ്ടായിരുന്നു, ഹദ്റത്ത് ഏതെങ്കിലും ജോലിയിൽ മുഴുകിയിരിക്കുകയാണെങ്കിൽ അവൻ വീണ്ടും ചോദിക്കും. ഹുസൂറിന് അവനെ നന്നായി അറിയാമായിരുന്നു. അവൻ എത്ര ചോദിക്കുന്നുവോ അത്രയും നല്കുമായിരുന്നു. ഇത്രയും വാങ്ങാതെ അവൻ പോകില്ല, അതുകൊണ്ട് ചോദിക്കുന്നത്രയും അവന് കൊടുത്തേക്കൂ എന്ന് അദ്ദേഹം പറയുമായിരുന്നു.

*(സീറത്ത് അഹ്മദ്, ഖുദ്റത്തുല്ലാഹ് സനോരി സാഹിബ്, പേജ് 152)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു, ഞാൻ 1898 മുതൽ സ്ഥിരമായി ഹുസൂറിന്റെ സന്നിധിയിലുണ്ട്. 1892 മുതൽ ഖാദിയാനിൽ വരുന്നുണ്ട്. എന്റെ മുന്നിൽ വച്ച് പലരും ചോദിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) യാചകർക്ക് ചെമ്പ് തുട്ട് നല്കുന്നത് ഞാൻ കണ്ടിട്ടില്ല. അവിടുന്ന് എപ്പോഴും വെള്ളി നാണയമാണ് നല്കിയിരുന്നത്. ആ കാലത്തെ കറൻസി പ്രകാരം ചെമ്പ് നാണയം ഒരു പൈസ, രണ്ട് പൈസ വരെയുണ്ടായിരുന്നു. വെള്ളി നാണയങ്ങൾക്ക് കൂടുതൽ മൂല്യമുണ്ടായിരുന്നു. അക്കാലത്ത് പൈസക്കും വിലയുണ്ടായിരുന്നുവെങ്കിലും, അവിടുന്ന് ഒരു അണയോ രണ്ട് അണയോ അതിൽ കൂടുതലോ നല്കുമായിരുന്നു. സാധാരണ യാചകന് പോലും ഒരു രൂപ നല്കുമായിരുന്നു.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 3, പേജ് 308)*

ഒരു അനഹ്മദിയായ ഫക്കീർ വന്ന് തനിക്ക് കാട്ടിൽ ഒരു കിണർ കുഴിക്കണമെന്നും അവിടെ യാത്രക്കാർക്ക് ദാഹം തീർക്കാൻ കഴിയുമെന്നും പറഞ്ഞു. ആ കാര്യത്തിനായി ഹുസൂർ അവന് ഇരുന്നൂറ് രൂപ നല്കിയിട്ട് പറഞ്ഞു: 'മനുഷ്യകുലത്തിന്റെ സേവനത്തിനായി നിങ്ങൾ ഈ പ്രവൃത്തി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതിനാൽ, പോയി കിണർ നിർമ്മിക്കൂ. അതിനുള്ള ഫണ്ട് ഞാൻ നല്കാം.'

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഭാഗം 3, പേജ് 308)*

**സൃഷ്ടിസേവനം നടത്താൻ അദ്ദേഹം തന്റെ ജമാഅത്തിന് നിർദേശം നല്കുകയും അതിന്റെ പ്രായോഗിക മാതൃക കാണിച്ചുതരുകയും ചെയ്തു.**

ഹദ്റത്ത് അബ്ദുൽ സമിഅ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി പറയുന്നത്, ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ അഖീഖ ദിനത്തിൽ(മുടികളയൽ) അതിഥി മന്ദിരത്തിൽ എല്ലാവരും ഭക്ഷണം കഴിക്കുകയായിരുന്നു. ഹുസൂർ കൂടെയുണ്ടായിരുന്നു. ഒരു ഫക്കീർ ഭക്ഷണം കഴിക്കാൻ വന്നു. ആളുകൾ അവനെ പുറത്താക്കാൻ നോക്കി. ഹുസൂർ ഫക്കീറിന് സ്വയം ഭക്ഷണം നല്കുകയും അവനെ ശകാരിക്കുന്നത് വിലക്കുകയും ചെയ്തു.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 239)*

ഭക്ഷണം കഴിക്കാൻ വന്നവനെ ശകാരിക്കരുത്. സ്വന്തം പ്ലേറ്റിൽ നിന്ന് അദ്ദേഹം ഭക്ഷണം നല്കി.

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി പറയുന്നു: ഒരിക്കൽ ഒരു മൗലവി ഖാദിയാനിൽ വന്ന് ഹുസൂറിനോട് തർക്കിക്കാൻ തുടങ്ങി. ഹുസൂർ മറുപടി നല്കിയപ്പോൾ അവൻ നിശബ്ദനായി. ഈസാ(അ)ന്റെ മരണത്തെക്കുറിച്ചുള്ള തർക്കമായിരുന്നു അത്. അദ്ദേഹം കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി അവൻ നിശബ്ദനായപ്പോൾ, ഞാൻ പറഞ്ഞ വാദങ്ങൾ ശരിയാണോ എന്ന് മനസ്സിലായോ എന്ന് ചോദിച്ചു. ഞാൻ മനസ്സിലാക്കി, എന്നാൽ നിങ്ങൾ ദജ്ജാലാണ് (നഊദുബില്ലാഹ്), ദജ്ജാലിന്റെ ഗുണങ്ങളിൽ ഒന്നാണ് തർക്കത്തിൽ മറ്റുള്ളവരെ നിശബ്ദരാക്കുന്നത് എന്നത് എന്ന് അവൻ വളരെ പരുഷമായി പറഞ്ഞു അപ്പോൾ അവിടുന്ന് ഒന്നും പറഞ്ഞില്ല. അവൻ പോയി. അമൃത്സറിലെത്തി അവൻ ഒരു വിജ്ഞാപനം ഇറക്കി. ഞാൻ അദ്ദേഹത്തോട് മോശമായി സംസാരിച്ചു. എങ്കിലും ഞാൻ ആവശ്യക്കാരനാണ്, എന്നെ സഹായിക്കണം എന്ന് അദ്ദേഹത്തിന് ഒരു കത്തെഴുതി. സ്വന്തം നാണക്കേട് അവൻ തന്നെ പരസ്യപ്പെടുത്തി. അദ്ദേഹത്തിന്റെ ഔദാര്യവും അവൻ വ്യക്തമാക്കി. **മോശമായി സംസാരിച്ചിട്ടും അദ്ദേഹം ഉടനെ പതിനഞ്ച് രൂപ അയച്ചുകൊടുത്തു.** അദ്ദേഹം വളരെ ഉദാരമതിയാണെന്നും, കടുത്ത വാക്ക് പറഞ്ഞാലും ദേഷ്യപ്പെടില്ലെന്നും അവൻ എഴുതി. പതിനഞ്ച് രൂപ അയച്ചു കൊടുത്ത കാര്യം അദ്ദേഹം ആരോടും പറഞ്ഞിരുന്നില്ല, എന്നാൽ അവന്റെ ആ വിജ്ഞാപനത്തിലൂടെയാണ് അവന് പണം നല്കിയ കാര്യം ആളുകൾ അറിഞ്ഞത്.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 216)*

ഹദ്റത്ത് ഖാസി അബ്ദുൽ ഗഫൂർ സാഹിബ് പറയുന്നു: 1906-ൽ ഞാൻ എന്റെ മൂത്ത സഹോദരൻ ഹാഫിസ് മുറാദ് ബഖ്ഷ് സാഹിബിനോടൊപ്പം റാവൽപിണ്ടിയിൽ നിന്ന് ഖാദിയാനിലേക്ക് പോയി.

**• ഹദീഥുന്നബ്‌വി ﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഹുസൂർ മസ്ജിദിലെ പടികൾ ഇറങ്ങി വരികയായിരുന്നു. റാവൽ പിണ്ടി സ്വദേശിയായ ഹകീം ഷാനവാസ് സാഹിബ് എന്ന് കരുതപ്പെടുന്ന ഒരാൾ പതിനേഴ് പൗണ്ട് ഒരു സഞ്ചിയിലാക്കി ഹദ്റത്തിന് ഉപഹാരമായി നല്കി. ഹുസൂർ ആ സഞ്ചി വാങ്ങി കീശയിൽ വച്ചു. താഴെ ഒരു യാചകൻ നിൽക്കുന്നുണ്ടായിരുന്നു. അവൻ എന്തോ ചോദിച്ചു. ഹുസൂർ കീശയിൽ നിന്ന് ആ സഞ്ചി എടുത്ത് അവന്റെ കയ്യിൽ വച്ചുകൊടുത്തു. ഇത് കണ്ട ഹകീം സാഹിബ്, ആ സഞ്ചിയിൽ പതിനേഴ് പൗണ്ട് ഉണ്ടായിരുന്നു എന്ന് പറഞ്ഞു. അത് അവന്റേതാണ്, അവന് തന്നെ ലഭിച്ചു എന്ന് ഹുസൂർ പറഞ്ഞു. അന്ന് ഒരു പൗണ്ടിന് വലിയ മൂല്യമുണ്ടായിരുന്നു. പതിനഞ്ച് ഇന്ത്യൻ രൂപയായിരുന്നു ഒരു പൗണ്ട്. രണ്ട് പൈസയ്ക്ക് ഭക്ഷണം ലഭിച്ചിരുന്ന ആ കാലത്ത് ഇരുന്നൂറ്റി അമ്പത്തിയഞ്ച് രൂപയുടെ മൂല്യമുണ്ടായിരുന്നു ആ തുകയ്ക്ക്.

*(രിവായത്ത് അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 216)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു, **സദഖ അഥവാ ദാനധർമ്മങ്ങൾ അദ്ദേഹത്തിന് ശീലമായിരുന്നു. വരുമാനത്തിന്റെ പത്തിലൊന്ന് ഭാഗം സദഖ ചെയ്യുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു.** ഇതുസംബന്ധിച്ച് ഉമ്മുൽ മുഅ്മിനീൻ(റ)ന്റെ ഒരു വിവരണത്തെക്കുറിച്ച് ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു, **ഹദ്റത്ത് മസീഹ് മൗഊദ്(അ) ധാരാളം സദഖ ചെയ്യാറുണ്ടായിരുന്നുവെന്നും അത് അതീവരഹസ്യമായിട്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ മാതാവ് തന്നോട് പറഞ്ഞതായി എഴുതുന്നു.** എത്രത്തോളം സദഖ നല്കാറുണ്ടായിരുന്നു എന്ന് ചോദിച്ചപ്പോൾ, **അവസാന കാലത്ത് തനിക്ക് ലഭിക്കുന്ന തുകയുടെ പത്തിലൊന്ന് ഭാഗം സദഖയ്ക്കായി മാറ്റി വയ്ക്കുമായിരുന്നു എന്ന് മാതാവ് പറഞ്ഞു.** അതിനർഥം അതിൽ കൂടുതൽ നല്കാറുണ്ടായിരുന്നില്ല എന്നല്ല. ചിലപ്പോൾ അതിഥികൾ വരുന്നത് കൊണ്ടും ലങ്കർ ഖാനയുടെ ചെലവ് ഉള്ളതുകൊണ്ടും സദഖ നല്കാൻ മടിവരാം. എന്നാൽ പണം നേരത്തെ മാറ്റി വച്ചാൽ ആ മടി ഉണ്ടാവില്ല എന്ന് അവിടുന്ന് പറയുമായിരുന്നു. പത്തിലൊന്ന് ഭാഗം മാറ്റി വച്ചാലും അതിൽ കൂടുതൽ അവിടുന്ന് സദഖ നല്കുമായിരുന്നു. അഹ്മദിയാണോ അല്ലയോ എന്ന് നോക്കിയാണോ അദ്ദേഹം സദഖ നല്കുന്നത് എന്ന് ഞാൻ ചോദിച്ചപ്പോൾ, **അഹ്മദിയാണോ അല്ലയോ എന്ന് ഒരിക്കലും നോക്കാറില്ലെന്നും അത്യാവശ്യക്കാർക്ക് നല്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതിയെന്നും മാതാവ് മറുപടി നല്കി.**

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, ഭാഗം 2, പേജ് 291)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: **യാചകരെ ഒരിക്കലും മടക്കി അയക്കാറില്ലായിരുന്നു. ആവശ്യക്കാരെ സഹായിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. ആവശ്യക്കാരായ ആളുകൾ തന്നോട് ചോദിക്കാതെ തന്നെ അവരെ സഹായിച്ചിരുന്നതുപോലെ, സഹായത്തിനായുള്ള അഭ്യർഥനകളിലെ സൂക്ഷ്മമായ കാര്യങ്ങളും അങ്ങേയറ്റം മനസ്സിലാക്കാൻ സാധിക്കുമായിരുന്നു എന്നത് അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവരീതികളിൽ ഒന്നായിരുന്നു. അങ്ങനെയുള്ള അവസരങ്ങളിലും അദ്ദേഹം ഔദാര്യം പ്രകടിപ്പിക്കുകയും സഹായം നല്കുകയും ചെയ്തിരുന്നു.** സാഹിബ്സാദ സിറാജുൽ ഹഖ് സാഹിബ് പറയുന്നത്, ഒരാൾ അദ്ദേഹത്തിന് ഒരു മനോഹരമായ തൊപ്പി അയച്ചുകൊടുത്തു. ഈ പാർസൽ ഹുസൂറിന്റെ അടുത്തെത്തിയപ്പോൾ യാദൃശ്ചികമായി ഒരു ഹിന്ദു അവിടെ ഉണ്ടായിരുന്നു. അത് തുറന്നപ്പോൾ **അയാൾ ആ തൊപ്പിയെ പ്രശംസിച്ചു. അത് കേട്ട ഹുസൂർ ആ തൊപ്പി അവന് തന്നെ സമ്മാനിച്ചു.**

ഹദ്റത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി പറയുന്നത്, ഹാജി ഹുസൈൻ എന്ന ഒരഹ്മദി ഹജ്ജ് കഴിഞ്ഞ് വന്ന് വിലപിടിപ്പുള്ള മുത്തുകളുടെ ഒരു മാല സമ്മാനമായി നല്കി. ഞാനും സിയാൽകോട്ടിലെ ഒരു സുഹൃത്തും കൂടെയുണ്ടായിരുന്നു. ഹാജി സാഹിബ് പോയ ശേഷം, മാല മനോഹരമാണെന്ന് സിയാൽകോട്ടുകാരൻ സുഹൃത്ത് പറഞ്ഞു. താത്പര്യമുണ്ടെങ്കിൽ അത് എടുത്തോളൂ എന്ന് ഹുസൂർ പറഞ്ഞു. അത് അയാൾക്ക് നല്കി. എനിക്കും അത് വേണമെന്നുണ്ടായിരുന്നു എന്ന് പറഞ്ഞപ്പോൾ, എങ്കിൽ നിങ്ങൾ രണ്ടുപേരും പകുതി വീതം എടുത്തോളൂ എന്ന് അദ്ദേഹം പറഞ്ഞു.

ഹദ്റത്ത് ഹകീം അല്ലാഹ് ദത്ത സാഹിബ് പറയുന്നു: സർഫറാസ് ഖാൻ വിവരിക്കുന്നു: ഞങ്ങൾ ജൽസയ്ക്ക് (സമ്മേളനത്തിന്) വന്നപ്പോൾ ഒരാൾ ഹുസൂറിന് ഒരു കുതിരയെ സമ്മാനിച്ചു. അത് എനിക്ക് ലഭിക്കണമെന്നും മസീഹിന്റെ കുതിരയെ ഞാൻ കൊണ്ടുവന്നു എന്ന് പറയാമെന്നും ഞാൻ ആഗ്രഹിച്ചു. സമ്മേളനം കഴിഞ്ഞപ്പോൾ ഞാൻ വീട്ടിലേക്ക് പോകാൻ ആഗ്രഹം പ്രകടിപ്പിച്ചു. മൂന്നാം ദിവസം ഹുസൂർ ചോദിച്ചപ്പോൾ, ചൗധരി സാഹിബ്, ഈ കുതിരയെ നിങ്ങൾ കൊണ്ടുപോകൂ എന്ന് പറഞ്ഞു. ഇതിന്റെ വിലയെന്താണെന്ന് ചോദിച്ചപ്പോൾ, ഇതിന് തീറ്റയും വെള്ളവും നല്കി ഇതിൽ കയറി യാത്ര ചെയ്യുക, അതാണ് ഇതിന്റെ വില എന്ന് ഹുസൂർ പറഞ്ഞു.

*(രിവായാതെ അസ്ഹാബെ അഹ്മദ് വാള്യം 1, പേജ് 110)*

ഹദ്റത്ത് മലിക് ഗുലാം ഹുസൈൻ സാഹിബ് പറയുന്നു: മൗലവി അബ്ദുൽ റഹ്മാൻ സാഹിബ് ശഹീദ് അഫ്ഗാനിസ്ഥാനിൽ നിന്ന് വന്ന് ഹുസൂറിനെ കാണാണ് ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ഒരുപാട് സാധനങ്ങൾ കൊണ്ടുവന്ന കൂട്ടത്തിൽ ഒരു കോട്ടും കൊണ്ടു വന്നു. ഹുസൂർ അകത്തേക്ക് വിളിക്കുന്നുണ്ടെന്ന് ഞാൻ വന്നു പറഞ്ഞു. അദ്ദേഹം ഹുസൂറിന് ആ സാധനങ്ങളും കോട്ടും സമ്മാനിച്ചു. ഹുസൂർ അത് സന്തോഷത്തോടെ സ്വീകരിച്ചു. എന്നിട്ട് പറഞ്ഞു: താങ്കൾ വല്ലതെ ബുദ്ധിമുട്ടിയല്ലോ. അദ്ദേഹം ബോധിപ്പിച്ചു: ഹുസൂർ, ഈ തോൽക്കുപ്പായം ഹുസൂറിന് വേണ്ടി കൊണ്ടുവന്നതാണ്, ഹുസൂർ എന്റെ മുന്നിൽ വച്ച് അതൊന്ന് ധരിക്കണമെന്ന് ആഗ്രഹിക്കുന്നു. ഹുസൂർ എഴുന്നേറ്റുനിന്ന് അത് ധരിച്ചു. അതൊരു നീളമുള്ള കോട്ടായിരുന്നു. അത് കണങ്കാൽ വരെ നീളമുണ്ടായിരുന്നു. വൈകുന്നേരം ഭക്ഷണം കഴിക്കുന്ന സമയത്ത് ഖാജാ കമാലുദ്ദീൻ സാഹിബ് ബോധിപ്പിച്ചു: ഹുസൂർ, മൗലവി അബ്ദുറഹ്മാൻ സാഹിബ് ഒരു തോൽക്കുപ്പായം കൊണ്ടുവന്നിട്ടുണ്ട്. അത് വളരെ വിലപിടിപ്പുള്ളതും ചൂടുള്ളതുമാണ്. വളരെ ഉന്നത നിലവാരത്തിൽ തയ്യാറാക്കിയതുമാണ്. ഖാജാ സാഹിബ് ഈ തോൽക്കുപ്പായം നേരത്തെ കണ്ടിരുന്നു. ഹുസൂർ പറഞ്ഞു: ഖാജാ സാഹിബ്, നിങ്ങൾക്ക് ഇത് വളരെ ഇഷ്ടപ്പെട്ടുവെങ്കിൽ നിങ്ങൾ തന്നെ എടുത്തോളൂ. അദ്ദേഹം ബോധിപ്പിച്ചു: ഹുസൂർ, വലിയ ഉപകാരമായി. അങ്ങനെ ഹുസൂർ ആ തോൽക്കുപ്പായം ഖാജാ സാഹിബിന് നല്കി.

*(രിവായാതെ അസ്ഹാബെ അഹ്മദ് വാള്യം 4, പേജ് 14-15)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി പറയുന്നു: ലുധിയാനയിലെ കമ്പളി വസ്ത്ര വ്യാപാരിയായിരുന്ന ഹാഫിസ് നൂർ അഹ്മദ് സാഹിബ് ഹുസൂറിന്റെ പഴയ വിശ്വസ്തനായ പരിചാരകനായിരുന്നു. തന്റെ വ്യാപാരം തകർന്നപ്പോൾ അദ്ദേഹം മറ്റൊരു ജോലി തേടി പോകാൻ ആഗ്രഹിച്ചു. അങ്ങനെ പുതിയ ബിസിനസ്സ് തുടങ്ങി സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്താമെന്ന് കരുതി.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതകാലത്ത് അദ്ദേഹം നിരന്തരമായി കത്തുകൾ അയക്കാറുണ്ടായിരുന്നു, കൂടാതെ തന്റെ ശക്തിക്കും കഴിവിനും അതീതമായി ജമാഅത്തിന്റെ സാമ്പത്തിക സേവനങ്ങൾ നിർവഹിക്കുകയും ചെയ്തു. **ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദാനധർമ്മങ്ങൾ അഥവാ ഔദാര്യം, ദാനം, സമ്മാനം, ഉദാരമനസ്കത എന്നിവയെക്കുറിച്ച് തനിക്ക് ഒന്നേ പറയാനുള്ളൂ എന്ന് അദ്ദേഹം പറയുന്നു: അല്പം മാത്രം നല്കാൻ അവിടുത്തേക്ക് അറിയില്ലായിരുന്നു.** അദ്ദേഹം തന്റെ വ്യക്തിപരമായ ഒരു സംഭവം വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ബിസിനസ്സ് തകർന്നപ്പോൾ, മറ്റൊരു സ്ഥലത്ത് പോയി ബിസിനസ്സ് തുടങ്ങാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് കുറച്ച് പണം ചോദിച്ചു, ബിസിനസ്സ് തുടങ്ങാൻ കുറച്ച് കടം നല്കണമെന്ന് അഭ്യർഥിച്ചു. ഹുസൂർ പണം സൂക്ഷിക്കാറുണ്ടായിരുന്ന ഒരു പെട്ടി എടുത്തു കൊണ്ടുവന്ന് എന്റെ മുന്നിൽ വച്ചു, എത്ര വേണമെങ്കിലും എടുത്തോളൂ എന്ന് പറഞ്ഞു. ഇതിൽ ഹുസൂറിന് വലിയ സന്തോഷമായിരുന്നു. എന്റെ ആവശ്യത്തിനനുസരിച്ച് ഞാൻ പണം എടുത്തു, എങ്കിലും എല്ലാം എടുത്തോളൂ എന്ന് ഹുസൂർ ആവർത്തിച്ചുകൊണ്ടിരുന്നു. **വാസ്തവത്തിൽ, സുഹൃത്തുക്കളോടുള്ള അദ്ദേഹത്തിന്റെ സമീപനം തികച്ചും വ്യത്യസ്തമായിരുന്നു. തന്റെ സമ്പത്ത് സുഹൃത്തുക്കളുടെ സമ്പത്തായി അദ്ദേഹം പ്രായോഗികമായി കരുതിയിരുന്നു. ഈ കാര്യത്തിൽ ഏതെങ്കിലും സേവകൻ അന്യനെ പോലെ പെരുമാറിയാൽ അദ്ദേഹത്തിന് അത് വിഷമമായിരുന്നു.** അതായത്, ലജ്ജയോ അന്യഭാവമോ കാണിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അസ് ഹദ്റത്ത് ശൈഖ് യാക്കൂബ് അലി സാഹിബ് ഇർഫാനി വാള്യം 3, പേജ് 306 - 307, ഫിറോസുല്ലുഗാത്ത് പേജ് 298, ലുഗാത്തെ ഫാർസി പേജ് 363 ദാർ ഉമർ ഫാറൂഖ്)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് പറയുന്നു, ശൈഖ് മുഹമ്മദ് ഇസ്മായിൽ സാഹിബ് സർസാവി എന്റെ 32 വർഷത്തെ

ആത്മാർഥ സുഹൃത്തും സഹോദരനും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പഴയ സേവകനുമാണ്. തുടക്കം മുതലേ അദ്ദേഹത്തിന്റെ സ്വഭാവം സൂഫിസവുമായി ചേർന്നു നിൽക്കുന്നതായിരുന്നു, സജ്ജനങ്ങളുടെ രീതികളോട് അദ്ദേഹത്തിന് വലിയ താത്പര്യമായിരുന്നു. മദ്രസ തഅ്ലീമുൽ ഇസ്‌ലാമിൽ തുടക്കം മുതൽ ഇന്നുവരെ അദ്ദേഹം അധ്യാപകനാണ്. തുടക്കത്തിൽ അതിഥികൾക്ക് ഭക്ഷണവും മറ്റും നല്കിയിരുന്നത് അദ്ദേഹമായിരുന്നു, അതുകൊണ്ട് അദ്ദേഹത്തെ നാസിർ സിയാഫത്ത് (അതിഥി സൽക്കാര മേൽനോട്ടക്കാരൻ) എന്ന് വിളിക്കേണ്ടതാണ്. അദ്ദേഹം ഇവിടെ വന്നത് മുതൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രത്യേകം അദ്ദേഹത്തെ ശ്രദ്ധിക്കുകയും അദ്ദേഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏറ്റെടുക്കുകയും സ്വയം തന്നെ ഉത്തരവാദിത്വം വഹിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഹുസൂർ ഉറപ്പുനല്കിയിരുന്നു. ഒരിക്കൽ ഹദ്റത്ത് നാനാജാൻ മർഹൂം ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് ശൈഖ് സാഹിബിനോട് ദേഷ്യപ്പെട്ടു. വളരെ അധികം ദേഷ്യപ്പെട്ടു. അദ്ദേഹം അദ്ദേഹത്തിന്റെ കടങ്ങളുടെ പട്ടിക തയ്യാറാക്കി. അതിൽ പലഹാരക്കാരോടുള്ള കടവുമുണ്ടായിരുന്നു. എന്നാൽ ആ കടം വീട്ടിയിട്ടുണ്ടെന്ന് അദ്ദേഹത്തിനറിയില്ലായിരുന്നു. ലങ്കർഖാനയുടെ നടത്തിപ്പിനായി പലഹാരക്കാരോട് ഇത്രയും വലിയ കടം വരുത്തി വച്ചിട്ടുണ്ടെന്ന വിവരം ഹുസൂർ അറിയാനിടയായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇത് കേട്ട് ചിരിച്ചുകൊണ്ട് പറഞ്ഞു: എനിക്കിതറിയാം, ആ കടം കൊടുത്ത് തീർത്തതാണ്. മീർ സാഹിബ് വിഷമിക്കേണ്ട, മറിച്ച് ഓരോ ആഴ്ചയും അത് തീർന്നുപോകുന്നുണ്ട്. ഏത് കടമാണെങ്കിലും . ആഴ്ചയ്ക്കാഴ്ച്ചക്ക് തീർന്നുപോകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) **ശൈഖ് സാഹിബിന്റെ ആഴ്ചതോറുമുള്ള അല്ലെങ്കിൽ അദ്ദേഹത്തിന് ആവശ്യമുള്ളപ്പോഴൊക്കെ ചെലവുകൾ നല്കിയിരുന്നു. ശൈഖ് സാഹിബ് വളരെ നിസ്സങ്കോചം, മകൻ പിതാവിനോട് സംസാരിക്കുന്നതുപോലെ, അതിലും വലിയ നിസ്സങ്കോചത്തോടെ ഇത്ര ചെലവായി എന്ന് ബോധിപ്പിക്കുമായിരുന്നു. ഹുസൂർ ഉടൻ തന്നെ അത് നല്കുകയും ചെയ്യുമായിരുന്നു. ഇത്തരത്തിലുള്ള രാജകീയവും രക്ഷിതാവിനെപ്പോലെയുള്ളതുമായ ഉദാരതകളായിരുന്നു ഹുസൂർ കാണിച്ചിരുന്നത്.** ഇതിൽ വ്യക്തിപരമായ ചെലവുകളും ലങ്കറിന്റെ ചെലവുകളും തീർച്ചയായും ഉൾപ്പെട്ടിട്ടുണ്ടാകും.

*(സീറത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അസ് ഹദ്റത്ത് ശൈഖ് യാക്കൂബ് അലി സാഹിബ് ഇർഫാനി വാല്യം 3, പേജ് 310-311, ഫിറോസുല്ലുഗാത്ത് പേജ് 371)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു, ഹദ്റത്ത് സയ്യിദ് ഫസൽ ശാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഏറ്റവും ആത്മാർഥരായ സേവകരിൽ ഒരാളായിരുന്നു. ശാഹ് സാഹിബ് സയ്യിദ് നാസിർ ശാഹ് സാഹിബിന്റെ ബഹുമാന്യനായ സഹോദരനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അദ്ദേഹത്തിന് വലിയ സ്നേഹമായിരുന്നു. ഒടുവിൽ അദ്ദേഹം ഹിജ്റ ചെയ്ത് ഖാദിയാനിൽ എത്തി. ദാറുസ്സിയാഫത്തിൽ താമസിച്ചു. 1900 ജൂലൈ മാസത്തിലെ സംഭവമാണ്. അദ്ദേഹം ഖാദിയാനിൽ വന്നിരുന്നു. 1900 ജൂലൈ ആറിന് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് മടങ്ങാൻ അനുവാദം ചോദിച്ചു. ഹുസൂർ ഉപദേശത്തിന്റെ ചില വാക്കുകൾ എഴുതിത്തരണമെന്നും അദ്ദേഹം ആഗ്രഹിച്ചു. കൂടാതെ ഒരു മരുന്നും ഒരു കുർത്തയും അദ്ദേഹം ആവശ്യപ്പെട്ടു. ഹദ്റത്ത് അഖ്ദസിന് കടുത്ത തലവേദന ഉണ്ടായിരുന്നു. നമസ്കാരത്തിന് പോലും അദ്ദേഹത്തിന് വരാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും തലയിൽ കടുത്ത വേദന ഉണ്ടായിരുന്നിട്ടും, ശാഹ് സാഹിബിന്റെ ഈ കത്തിന് മറുപടിയായി അദ്ദേഹം ഒരു ഉപദേശരേഖ എഴുതുകയും മരുന്നും കുർത്തയും നല്കുകയും ചെയ്തു. **തന്റെ രോഗത്തിന്റെ ഏറ്റവും കഠിനമായ അവസ്ഥയിൽ പോലും, തന്റെ സേവകരുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റാൻ അദ്ദേഹം തയ്യാറായിരുന്നുവെന്നും, ജനങ്ങളുടെ നന്മയ്ക്കും ഉപകാരത്തിനും വേണ്ടി ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം ചിന്തിച്ചിരുന്നില്ലെന്നും ഈ സംഭവം സാക്ഷ്യപ്പെടുത്തുന്നു.**

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അസ് ഹദ്റത്ത് ശൈഖ് യാക്കൂബ് അലി സാഹിബ് ഇർഫാനി വാല്യം 3, പേജ് 307-308)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: **ചില സമയങ്ങളിൽ അദ്ദേഹം സുഹൃത്തുക്കളുടെ സന്തോഷത്തിൽ ഉദാരമായി പങ്കുചേരുമായിരുന്നു എന്നത് അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ നിന്ന് മനസ്സിലാക്കാം.** ഈ രീതി അദ്ദേഹത്തിന്റെ സ്നേഹപ്രകടനത്തിന്റെയും ഔദാര്യത്തിന്റെയും അടയാളമാണ്. തദനുസരണം, ഹദ്റത്ത് മുൻശി അബ്ദുല്ലാഹ് സാഹിബ് സന്നോരിക്ക് അദ്ദേഹം ഇടയ്ക്കിടെ എഴുതിയ കത്തുകൾ പരിശോധിച്ചാൽ, മുൻശി സാഹിബ് തന്നെ പറഞ്ഞതനുസരിച്ചും, ഒരു തവണ മുൻശി സാഹിബിന്റെ വലീമയിലും മറ്റൊരു തവണ മകന്റെ അഖീഖയിലും ഹുസൂർ സ്വന്തം വകയായി ഒരു തുക ചെലവഴിച്ചുവെന്ന് തെളിയുന്നു. ഈ ചെലവഴിക്കുന്നതിൽ അദ്ദേഹത്തിന് സന്തോഷവും ആശ്വാസവും ഉണ്ടായിരുന്നു. ചിലപ്പോൾ ആളുകൾ അവരുടെ ഇത്തരം ചടങ്ങുകൾക്ക് കുറച്ച് പണം ഹുസൂറിന്റെ അടുക്കലേക്ക് അയക്കുകയും, അവിടെ വച്ച് പാർട്ടി നടത്തണമെന്ന് എഴുതുകയും ചെയ്യും. എന്നാൽ കത്തെഴുതുമ്പോൾ, ഖാദിയാനിലെ പാർട്ടി കുറച്ചു പേരുടെ പാർട്ടിയല്ല എന്ന് അവർ അറിയാതെ മറന്നുപോകും. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ചുറ്റും ധാരാളം ആളുകൾ ഉണ്ടാകും. കൂടാതെ അവർ അയക്കുന്ന പണം വളരെ കുറവായിരിക്കും അല്ലെങ്കിൽ അത് ചെലവുകൾക്ക് തികയുമായിരുന്നില്ല. എന്നാൽ ഹദ്റത്ത് അഖ്ദസ് അവരോട് ഇതിനെക്കുറിച്ച് വീണ്ടും ചോദിക്കില്ലായിരുന്നു. മറിച്ച്, സ്വന്തം കൈയിൽ നിന്ന് പണം ചേർത്ത് അവരുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കുമായിരുന്നു. പലതവണ അദ്ദേഹത്തിന് ഇത്തരം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്, പക്ഷേ അദ്ദേഹം ഒരിക്കലും അത് സൂചനയായോ പരോക്ഷമായോ പറയുകയില്ലായിരുന്നു. മറിച്ച് ഇത്തരം അവസരങ്ങളിൽ എപ്പോഴും ഇത് ഇന്ന സുഹൃത്തിന്റെ വക പാർട്ടിയാണെന്ന് പറയാറുണ്ടായിരുന്നു.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അസ് ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി വാല്യം 3, പേജ് 310)*

ചിലപ്പോൾ അടുത്ത സുഹൃത്തുക്കളോട് വെളിപ്പെടുത്താറുമുണ്ട്. പണത്തിന് കുറവുണ്ടായിരുന്നു അതുകൊണ്ട് ഞാൻ അത് മുഴുവനാക്കി എന്ന് അദ്ദേഹം പറയാറുണ്ട്.

*(മക്തൂബാത്തെ അഹ്മദ് വാല്യം 3, പേജ് 230, മക്തൂബ് നമ്പർ 60, ബനാമ് മുൻശി അബ്ദുല്ലാഹ് സന്നോരി സാഹിബ് (റ))*

ഹദ്റത്ത് അഖ്ദസ് തന്റെ കത്തിൽ, ഹദ്റത്ത് മുൻശി അബ്ദുല്ലാഹ് സാഹിബ് സന്നോരിക്ക് അദ്ദേഹത്തിന്റെ വിവാഹാവസരത്തിൽ കത്തെഴുതി. അദ്ദേഹം എഴുതി: വിവാഹമംഗളങ്ങൾ. താങ്കളുടെ കത്ത് പ്രകാരം വെള്ളിയാഴ്ച വലീമ ഭക്ഷണം അതിഥികൾക്ക് നല്കി. കാരണം അതിഥികൾ വളരെ അധികമായിരുന്നു. സേഠ് സാഹിബ് അഥവാ അബ്ദുറഹ്മാൻ സാഹിബ് മദ്രാസി സാഹിബും മറ്റ് പല മാന്യ അതിഥികളും ഉണ്ടായിരുന്നു. എൺപതിൽ കൂടുതൽ ആളുകൾ ഉണ്ടാകും. അതിനാൽ താങ്കൾ അയച്ച പത്ത് രൂപ മതിയാകുമായിരുന്നില്ല. അതിനാൽ ഈ സന്തോഷത്തിൽ, ഞാൻ എന്റെ വകയായി പത്ത് രൂപ കൂടി ചേർത്ത് ഇരുപത് രൂപയ്ക്ക് പാർട്ടി നടത്തി. നല്ല ഭക്ഷണമായിരുന്നു. പുലാവ്, സർദ(മധുരച്ചോറ്) മുതലായവ പാകം ചെയ്യിച്ചു. കോർമയും നാനും ഒക്കെ ഉണ്ടായിരുന്നു. ഏതായാലും ഹുസൂർ എഴുതി: അതിഥികൾ വളരെ സന്തോഷിച്ചു. ഭക്ഷണം കഴിച്ച് അവർ താങ്കൾക്ക് വേണ്ടി പ്രാർഥിച്ചു. അതിഥികളോട് ഇത് അദ്ദേഹത്തിന്റെ വക പാർട്ടിയാണെന്ന് പറഞ്ഞു. ഞാൻ കൂടി ഇതിൽ പങ്കുചേർന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞില്ല.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് താൻ ഹദ്റത്ത് മുൻശി അബ്ദുല്ലാഹ് സാഹിബ് സന്നോരിക്ക് അവരുടെ മകന്റെ അഖീഖയുടെ അവസരത്തിൽ എഴുതിയ കത്തിൽ എഴുതി: രണ്ട് ആടുകളെ അറുത്തു. അതിന്റെ ഇറച്ചി വളരെ മികച്ചതായിരുന്നു. ഒരു വലിയ പാത്രം ഇറച്ചി പുലാവുവും, ഒരു ചെറിയ പാത്രം സർദ അഥവാ കുങ്കുമം മുതലായവ ചേർത്ത മധുരമുള്ള ചോറും പാകം ചെയ്തു. റൊട്ടിയും ഇറച്ചിയും പാകം ചെയ്തു. എഴുപതോളം അതിഥികളുണ്ടായിരുന്നു. അവരെ നന്നായി സൽക്കരിച്ചു. താങ്കളുടെ സദുദ്ദേശ്യം കാരണം രണ്ടും അഥവാ പുലാവും സർദയും വളരെ നന്നായി പാകം ചെയ്തു. അതിന് ഇരുപത്തിനാല് രൂപ ചെലവായി എന്ന് അദ്ദേഹം എഴുതി. താങ്കൾക്കിത് നല്കാൻ കഴിയില്ലെന്ന് എനിക്കറിയാം. അതിനാൽ ഇതിന്റെ പകുതിയായ പന്ത്രണ്ട് രൂപ താങ്കൾക്ക് എപ്പോഴെങ്കിലും അയക്കണമെന്നുണ്ടെങ്കിൽ അയക്കാമെന്നും അദ്ദേഹം എഴുതി. അദ്ദേഹത്തിന്റെ പാർട്ടിയിൽ അദ്ദേഹം വലിയ സന്തോഷം പ്രകടിപ്പിക്കുകയും അദ്ദേഹത്തിന് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

*(മഖൂസ് അസ് മക്തൂബാത്തെ അഹ്മദ് വാല്യം 3, പേജ് 234, മക്തൂബ് നമ്പർ 65, ബനാമ് മുൻശി അബ്ദുല്ലാഹ് സന്നോരി സാഹിബ് (റ))*

ഹദ്റത്ത് അഹ്മദ് നൂർ കാബൂളി സാഹിബ് പറയുന്നു, 1902-ൽ ഞാൻ ഖാദിയാനിൽ എത്തിയപ്പോൾ, മഗ്‌രിബ് സമയത്ത് മസീഹ് മൗഊദ് എന്റെ ബൈഅത്ത് സ്വീകരിച്ചു. മസീഹ് മൗഊദ് സ്വന്തം എനിക്ക് വീടുണ്ടാക്കാൻ സ്ഥലം നല്കുകയും ഞാൻ ആവശ്യപ്പെടാതെ തന്നെ എന്റെ വിവാഹം നടത്തിത്തരികയും ചെയ്തു. എന്നെ മുന്നറിയിപ്പില്ലാതെ കുറച്ച്

ആളുകൾക്കൊപ്പം റുഖ്സത്താനയ്ക്ക് (വധുവിനെ കൂട്ടികൊണ്ടുവരാൻ) അയച്ചു. എനിക്കായി ഒരു ചാക്ക് ആട്ട തന്റെ ലങ്കറിൽ നിന്ന് നിശ്ചയിച്ചു. അഹ്മദ് നൂർ ജീവിച്ചിരിക്കുന്നിടത്തോളം കാലം എന്റെ അക്കൗണ്ടിൽ നിന്ന് ഈ ആട്ട നല്കിക്കൊണ്ടിരിക്കണം എന്ന് അദ്ദേഹം മൗലവി മുഹമ്മദ് അലി സാഹിബിന് നിർദേശം നല്കി. അഹ്മദ് നൂറിന്റെ ആട്ടയുടെ ചെലവ് ഞാൻ വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

*(രിവായാതെ അസ്ഹാബെ അഹ്മദ് വാല്യം 2, പേജ് 307)*

മിയാൻ അബ്ദുറഹീം സാഹിബ് വിവരിക്കുന്നു, ഒരു തവണ ഞാൻ കഠിനമായി രോഗബാധിതനായി. ഞാൻ രക്ഷപ്പെടുമെന്ന പ്രതീക്ഷയില്ലാതായി. ഞാൻ അബോധാവസ്ഥയിൽ കിടക്കുകയായിരുന്നു. അപ്പോൾ എന്റെ അമ്മാവൻ മർഹൂം മീരാൻ ബക്ഷ് സാഹിബ്, ബൂട്ടർ എന്ന സ്ഥലത്ത് ഹുസൂർ നടക്കാൻ പോയി മടങ്ങിവരുന്ന സമയത്ത് മോറി ദർവാസയിലെ കവലയിൽ വെച്ച് ഹുസൂറിനോട് അബ്ദുറഹീമിനെ ഒന്ന് ചെന്ന് കാണണമെന്ന് അപേക്ഷിച്ചു. അദ്ദേഹം കഠിനമായ രോഗബാധിതനാണ്. ഹുസൂറിന്റെ കൂടെ മറ്റ് പല സുഹൃത്തുക്കൾക്കും പുറമെ ഹദ്റത്ത് ഖലീഫാ അവ്വലും ഉണ്ടായിരുന്നു. ഹുസൂർ ദയ തോന്നി എന്റെ കുടിലിൽ എത്തി. എന്നെ കട്ടിലിൽ കിടക്കുന്നത് കണ്ട് തന്റെ വലതു കൈ കൊണ്ട് എന്റെ തോളിൽ തട്ടി, എന്തുകൊണ്ടാണ് പരിഭ്രമിക്കുന്നത്, മരിക്കുകയില്ല എന്ന് പറഞ്ഞു. അതോടെ എന്റെ കണ്ണ് തുറന്നു. കൂടെ ഹുസൂർ വീടിന്റെ മേൽക്കൂരയിലേക്ക് നോക്കി പറഞ്ഞു, അബ്ദുറഹീം, താങ്കൾ ഈ രോഗം കൊണ്ട് മരിക്കുകയില്ല, എന്നാൽ പൊളിഞ്ഞു പാളിയായിരിക്കുന്ന ഈ വീട് താങ്കളെ കൊല്ലുന്ന രൂപത്തിലാണ്. ഇതിന്റെ മേൽക്കൂര വല്ലാതെ കേടായിരിക്കുന്നു. സുഖം പ്രാപിച്ചാൽ ഈ മേൽക്കൂര നന്നാക്കണം. എന്റെ മാതാവിനോട്, എന്റെ കൂടെ വന്ന് മരുന്ന് വാങ്ങാൻ അദ്ദേഹം പറഞ്ഞു. മരുന്ന് നല്കൂ, ഞങ്ങൾ പ്രാർഥിക്കുകയും ചെയ്യാം. ഇൻശാ അല്ലാഹ്, സുഖപ്പെടും. അതിനുശേഷം എന്റെ മാതാവ് ഹുസൂറിന്റെ കൂടെ ഹുസൂറിന്റെ വീട്ടിൽ പോയി. ഹുസൂർ മൂന്ന് പാക്കറ്റ് മരുന്ന് നല്കി. ഒരു പാക്കറ്റ് ഞാൻ അപ്പോൾ തന്നെ അതായത് രാവിലെ ഒമ്പത് അല്ലെങ്കിൽ പത്ത് മണിക്ക് കഴിച്ചു. രണ്ടാമത്തേത് വൈകുന്നേരവും കഴിച്ചു. ഈ രണ്ട് പാക്കറ്റ് കഴിച്ചതോടെ ഞാൻ എഴുന്നേറ്റ് കട്ടിലിൽ ഇരുന്നു. മൂന്നാമത്തെ പാക്കറ്റ് പിറ്റേന്ന് രാവിലെ കഴിച്ചു. ഈ മൂന്ന് പാക്കറ്റ് കഴിച്ചതുകൊണ്ട് മാത്രം എന്റെ രോഗം പൂർണമായും മാറി. ഏതായാലും അഞ്ച് ആറ് ദിവസങ്ങൾക്ക് ശേഷം ഞാൻ പൂർണമായും സുഖം പ്രാപിച്ചു. അല്ലെങ്കിൽ ചെറിയ തോതിൽ മാത്രം അസ്വാസ്ഥ്യം ഉണ്ടായിരുന്നു. ഒരാഴ്ചയ്ക്ക് ശേഷം ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ഹാജരായി. അപ്പോൾ കുറച്ച് ബലഹീനത ഉണ്ടായിരുന്നു. എങ്കിലും അവർ എന്നെ താങ്ങിപ്പിടിച്ച് മുകളിലേക്ക് കൊണ്ടുപോയി. ഞാൻ ഹുസൂറിന്റെ മുന്നിലെത്തിയപ്പോൾ, താങ്കൾ സുഖം പ്രാപിച്ചോ എന്ന് ഹുസൂർ ചോദിച്ചു. ഹുസൂറിന്റെ പ്രാർഥനയും മരുന്നും കൊണ്ട് അന്നു മുതൽ പനിയൊന്നും ഇല്ലെന്ന് ഞാൻ ബോധിപ്പിച്ചു. അതിനുശേഷം ഹുസൂർ വീടിന്റെ കാര്യം എന്തായെന്ന് ചോദിച്ചു. ഞാൻ ബോധിപ്പിച്ചു, ഒന്നൊന്നര മാസമായി രോഗിയാണ്. എന്റെ കയ്യിൽ ഒരു പൈസയുമില്ല. എങ്ങനെ വീട് പണിയാനാണ്. എങ്ങനെ മേൽക്കൂര മാറ്റാനാണ്. ഹുസൂർ പറഞ്ഞു, നാം പണിയിച്ചു തരാം. അപ്പോൾ തന്നെ മൗലവി മുഹമ്മദ് അലി സാഹിബിനെ വിളിപ്പിച്ച് പറഞ്ഞു: മദ്രസയിലെ മുറികൾക്കായി തടി വരുത്തുമ്പോൾ അബ്ദുറഹീമിന്റെ വീടിന്റെ മേൽക്കൂരയ്ക്കായി തടി വാങ്ങി അത് പണിയിച്ചു കൊടുക്കണം. എത്ര ചെലവാകുന്നുവോ അത് നാം നല്കാം. തദനുസരണം മൗലവി മുഹമ്മദ് അലി സാഹിബ് മേസ്തിരി റക്കാ റാമിനെ എന്റെ വീട് കാണാനും തടിയുടെ ചെലവ് കണക്കാക്കാനും അയച്ചു. അവൻ മൗലവി സാഹിബിനോട് വന്ന് പറഞ്ഞു, വീടിന് പത്ത് തടി ചെലവാകും. മൗലവി മുഹമ്മദ് അലി സാഹിബ് ഹുസൂറിനോട് പറഞ്ഞു: തടിക്ക് മുപ്പത് രൂപ ചെലവാകും. ഹുസൂർ മുപ്പത് രൂപ മൗലവി സാഹിബിന് നല്കി. എന്റെ വീട് പണിതു. ഇതിനു പുറമെ തൊഴിലാളികൾക്ക് മറ്റും എത്ര ചെലവായെന്ന് എനിക്കറിയില്ല. അതും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നല്കിയതാണ്.

*(രിവായാതെ അസ്ഹാബെ അഹ്മദ് വാല്യം 4, പേജ് 174-175)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് മസീഹ് മൗഊദിന്റെ ജീവചരിത്രമായ സീറത്ത് തയ്യിബയുടെ പൊതുവായ സംഗ്രഹം വിവരിച്ചുകൊണ്ട് എഴുതുന്നു, ഞങ്ങളുടെ വലിയ അമ്മാവൻ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ് മർഹൂം എന്റെ നിർദേശപ്രകാരം ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഭാവഗുണങ്ങളെക്കുറിച്ച് ഒരു ലേഖനം എഴുതിയിരുന്നു. ആ ലേഖനത്തിൽ അദ്ദേഹം പറയുന്നു: **ഹദ്റത്ത് മസീഹ് മൗഊദ് (അ) അത്യന്തം ദയാലുവും കരുണാനിധിയും ഔദാര്യവാനും അതിഥി സത്കാരപ്രിയനും ജനങ്ങളിൽ ഏറ്റവും ധീരനുമായിരുന്നു. പരീക്ഷണങ്ങളുടെ സമയത്ത് ആളുകൾ തളർന്നുപോകുമ്പോൾ, അദ്ദേഹം സിംഹത്തെപ്പോലെ മുന്നോട്ട് കുതിക്കുമായിരുന്നു. മാപ്പു നല്കുക, വീഴ്ചകൾ കണ്ടില്ലെന്ന് നടിക്കുക, ഔദാര്യം, വിനയം, വിശ്വസ്തത, ലാളിത്യം, ദൈവസ്നേഹം, നബി തിരുമേനി(സ)യോടുള്ള സ്നേഹം, മതപണ്ഡിതന്മാരോടുള്ള ആദരവ്, വാഗ്ദാനം പാലിക്കൽ, ഉത്തമമായ പെരുമാറ്റം, ഗാംഭീര്യം, ആത്മാഭിമാനം, നിശ്ചയദാർഢ്യം, ഉയർന്ന ലക്ഷ്യബോധം, പ്രസന്നത, വികസിതമായ മനസ്സ് എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രമുഖമായ സ്വഭാവഗുണങ്ങൾ.**

അദ്ദേഹം എഴുതുന്നു: ഞാൻ രണ്ട് വയസ്സുള്ള കുട്ടിയായിരുന്നപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ഞാൻ കണ്ടത്. പിന്നീട് ഞാൻ ഇരുപത്തിയേഴ് വയസ്സുള്ള യുവാവായപ്പോഴാണ് അദ്ദേഹം എന്റെ ഈ കണ്ണുകളിൽ നിന്ന് മറഞ്ഞത്. അതായത് അദ്ദേഹത്തിന്റെ വഫാത്ത് അപ്പോഴാണ് സംഭവിച്ചത്. എന്നാൽ **ഞാൻ ദൈവനാമത്തിൽ സത്യം ചെയ്തു പറയുന്നു: അദ്ദേഹത്തേക്കാൾ മികച്ചവനായി, അദ്ദേഹത്തേക്കാൾ നല്ല സ്വഭാവമുള്ളവനായി, അദ്ദേഹത്തേക്കാൾ നന്മയുള്ളവനായി, അദ്ദേഹത്തേക്കാൾ വലിയ പിതൃതുല്യമായ സ്നേഹമുള്ളവനായി, അദ്ദേഹത്തേക്കാൾ അല്ലാഹുവിന്റെയും നബിയുടെയും സ്നേഹത്തിൽ മുഴുകിയവനായി ഒരാളെയും ഞാൻ കണ്ടിട്ടില്ല. മനുഷ്യർക്കായി ലോകത്ത് പ്രത്യക്ഷപ്പെട്ട ഒരു പ്രകാശമായിരുന്നു അദ്ദേഹം. വിശ്വാസത്തിന്റെ നീണ്ട വരൾച്ചയ്ക്ക് ശേഷം ഈ ഭൂമിയിൽ വർഷിച്ച, അതിനെ തഴച്ചുവളർത്തിയ ഒരു കാരുണ്യവർഷമായിരുന്നു അദ്ദേഹം.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് അദ്ദേഹത്തിന്റേതായ സാക്ഷ്യവും നല്കുന്നു. അദ്ദേഹം മറ്റുള്ളവരിൽ നിന്ന് വിവരിച്ചകാര്യങ്ങൾക്ക് അദ്ദേഹത്തിനും അനുഭവ സാക്ഷ്യമുണ്ട് എന്ന് രേഖപ്പെടുത്തുന്നു.

*(സീറത്ത് തയ്യിബ ഹദ്റത്ത് മിർസ ബശീർ അഹമദ് സാഹിബ് എം.എ., പേജ് 66-67)*

അല്ലാഹു നമ്മെയും ആ ഉന്നതമായ സ്വഭാവഗുണങ്ങൾ ഉള്ളവരാക്കട്ടെ. അവ സൃഷ്ടിക്കുന്നതിനായാണ് അല്ലാഹു നബി തിരുമേനി(സ)യുടെ അടിമത്തത്തിൽ അദ്ദേഹത്തെ അയച്ചിട്ടുള്ളത്.

(അംനാസ്. പി.കെ)

**പേജ് 1 ൽ നിന്ന്**

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

നമ്മോട് പറയുന്നു; മുസ്‌ലിം സൈന്യം നഗരത്തിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ അവർ വിടപറയാനായി സൈന്യത്തോടൊപ്പം നടന്നുപോന്നു. അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിയിരുന്നു. അവർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു: 'നിങ്ങളെപ്പോലെയുള്ള നല്ല ഭരണാധികാരികളെ ഞങ്ങൾ ഇതുവരെ കണ്ടിട്ടില്ല, അല്ലാഹു നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരട്ടെ!'

*(ഫുതൂഹുൽ ബുൽദാൻ ലിൽബലാദുരി, അംറു ഹിംസ് വ യൗമുൽ യർമൂക്).*

ഇതുപോലെ ഇസ്‌ലാം ഭരണകൂടത്തെയും ഒരു അമാനത്തായി പ്രഖ്യാപിച്ചിരിക്കുന്നു. ഈ അമാനത്ത് നിങ്ങളുടെമേൽ ഭരമേൽപ്പിക്കപ്പെടുമ്പോൾ നിങ്ങൾ അതിൽ ഒരിക്കലും വഞ്ചന കാണിക്കരുത് എന്നും, ഭരണപരമായ ഉത്തരവാദിത്വങ്ങൾ പൂർണമായ സത്യസന്ധതയോടുകൂടി നിറവേറ്റാൻ കഴിയുന്ന ആളുകളുടെ കയ്യിൽ മാത്രം ഭരണത്തിന്റെ ചെങ്കോൽ എപ്പോഴും ഏൽപ്പിക്കണമെന്നും അത് കൽപിച്ചിരിക്കുന്നു. മുസ്‌ലീങ്ങൾ ഈ കൽപനയോട് വളരെ കർശനമായ രീതിയിലാണ് വർത്തിച്ചിട്ടുള്ളത് എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.'

*(തഫ്സീർ കബീർ, വാല്യം 8, പേജ്:278, യു.കെ പ്രസിദ്ധീകരണം)*

**പേജ് 12 ൽ നിന്ന്**

| | | | |
|---|---|---|---|
| 10 | ഫുതൂഹുൽ ബുൽദാൻ | അബൂ ജഅ്ഫർ അഹ്മദ് ബിൻ യഹ്‌യാ ബിൻ ജാബിർ അൽ ബലാദുരി (ഹിജ്റ 279-ൽ വഫാത്തായി). | അബൂ ജഅ്ഫർ അഹ്മദ് ബിൻ യഹ്‌യാ ബിൻ ജാബിർ അൽ ബലാദുരി (ഹിജ്റ 279-ൽ വഫാത്ത്). നബി തിരുമേനി(സ) യുടെയും അദ്ദേഹത്തിന്റെ ഖലീഫമാരുടെയും കരങ്ങളാൽ നേടിയെടുത്ത വിജയങ്ങളെക്കുറിച്ചാണ് ഈ പുസ്തകം പറയുന്നത്. ഇതൊരു പ്രശസ്തമായ പുസ്തകമാണ്, നിലവിൽ ഉപയോഗത്തിലുമുണ്ട്. |

(തുടരും)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പര്യടന റിപ്പോർട്ടും കൂടിക്കാഴ്ചയും

(വിവ: കെ താഹിർ അഹ്മദ്)

നല്ലൊരു 'വഖ്ഫെ നൗ' (Waqf-e-Nau) ആകാൻ എങ്ങനെ സാധിക്കുമെന്ന് വേറൊരു കുട്ടി മാർഗ്ഗ നിർദ്ദേശം ചോദിച്ചു.

അതിന് മറുപടിയായി അവിടുന്ന് അരുളിച്ചെയ്തു: 'എങ്ങനെ നല്ലൊരു വഖ്ഫെ നൗ ആകാം എന്നതിനെക്കുറിച്ച് ഞാൻ ഒരിക്കൽ കാനഡയിൽ വെച്ച് പ്രസംഗിച്ചിരുന്നു. നിങ്ങളുടെ 'വഖ്ഫെ നൗ' സെക്രട്ടറിയോട് അത് എടുത്തുതരാൻ പറയുക. അതിൽ മുപ്പതോളം-മുപ്പത്തഞ്ചോളം കാര്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പ്രധാനപ്പെട്ട കാര്യം എന്തെന്നാൽ, അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ആരാധിക്കുകയും ചെയ്താൽ നിങ്ങൾക്ക് നല്ലൊരു വഖ്ഫെ നൗ ആകാൻ സാധിക്കും എന്നതാണ്. എന്നെ ആരാധിക്കാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. ആരാധിക്കുന്നത് എങ്ങനെയാണ്? അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിക്കുന്നതിലൂടെ.'

തുടർന്ന് കുട്ടിയോട് എത്ര വയസ്സാണ് എന്ന ഹുസൂറിന്റെ ചോദ്യത്തിന് തനിക്ക് പത്ത് വയസ്സുണ്ടെന്ന് കുട്ടി മറുപടി നൽകി.

അപ്പോൾ പറഞ്ഞു : 'അഞ്ചുനേരത്തെ നമസ്കാരം നിർവ്വഹിക്കുക. അല്ലാഹു തന്ന കല്പനയായതിനാൽ ഇപ്പോൾ നിങ്ങൾക്ക് നമസ്കാരം നിർബന്ധമായിരിക്കുന്നു. നല്ലൊരു മനുഷ്യനും നല്ലൊരു കുട്ടിയുമാക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. ദിവസവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക; ഒരു റുകൂഅ് എങ്കിലും പാരായണം ചെയ്യുക, ഒപ്പം അതിന്റെ തർജ്ജമയും വായിക്കാൻ ശ്രമിക്കുക. ഖുർആനിലെ അധ്യാപനങ്ങൾ എന്തൊക്കെയാണെന്നും, അത് ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതാണെന്നും മനസ്സിലാക്കാൻ ഒരു 'വഖ്ഫെ നൗ'വിന് ഖുർആന്റെ തർജ്ജമ അറിഞ്ഞിരിക്കണം. നിങ്ങൾ അത് പാരായണം ചെയ്യുമ്പോൾ ആ അധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനാകും.'

'പിന്നീട്, തിരുനബി (സ) ഹദീസുകളിലൂടെ നിരവധി കാര്യങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നിങ്ങൾക്ക് 'വഖ്ഫെ നൗ'വിന് ഒരു പാഠ്യപദ്ധതിയുണ്ട് (syllabus), അത് വായിക്കുക, അതിൽ നിന്ന് പഠിക്കേണ്ട കാര്യങ്ങൾ പഠിക്കുകയും അതിനുസരിച്ച് ജീവിക്കുകയും ചെയ്യുക. കാര്യങ്ങൾ ഓർത്തു വെക്കുക മാത്രമല്ല, അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും വേണം.'

'നാം അഹ്മദി മുസ്ലിങ്ങളാണെന്നും ഒരു അഹ്മദി മുസ്ലിം എപ്പോഴും ഏറ്റവും മികച്ച മുസ്ലിമായിരിക്കണമെന്നും എപ്പോഴും ഓർക്കുക. അവൻ എപ്പോഴും സത്യം പറയുന്നവനും, നമസ്കരിക്കുന്നവനും, ഖുർആൻ പാരായണം ചെയ്യുന്നവനും, നല്ല കാര്യങ്ങൾ ചെയ്യുന്നവനും നല്ല സ്വഭാവ മഹിമയുള്ളവനുമായിരിക്കണം. ആരോടും വഴക്കിടരുത്, കുട്ടികളോട് മോശം ഭാഷ ഉപയോഗിക്കരുത്, അശ്ലീലം പറയരുത്, ഒരു തരത്തിലുമുള്ള അതിക്രമങ്ങളും (abuse) ചെയ്യരുത്.'

'നല്ല കാര്യങ്ങൾ ചെയ്യണം, മാതാപിതാക്കളെ അനുസരിക്കണം, പഠനത്തിൽ ശ്രദ്ധിക്കണം. നല്ല കുട്ടിയായി ജമാഅത്തിന് സേവനം ചെയ്യാനും അല്ലാഹുവിന്റെ സൃഷ്ടികളെ നന്നായി സേവിക്കാനും ശ്രമിക്കണം. ലോകത്തെ സ്നേഹിക്കാനും സ്നേഹം നൽകാനും പഠിപ്പിക്കുക. ഇതു കൂടാതെ മറ്റു പല കാര്യങ്ങളുമുണ്ട്. ആ പ്രസംഗത്തിൽ നിന്ന് അവ എടുത്തു വായിക്കുക. നിങ്ങളുടെ 'വഖ്ഫെ നൗ'സെക്രട്ടറിയോട് അത് എടുത്തുനൽകാൻ പറയുക. ഈ പ്രധാന കാര്യങ്ങൾ ഓർത്തു വെക്കുകയും അതിനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ നിങ്ങൾക്ക് നല്ലൊരു 'വഖ്ഫെ നൗ' ആകാൻ സാധിക്കും.'

സ്കൂളിൽ നിന്ന് തനിക്കൊരു iPad ലഭിച്ചിട്ടുണ്ടെന്നും, സോഷ്യൽ മീഡിയയിൽ നിന്ന് എങ്ങനെ സ്വയം രക്ഷപ്പെടാമെന്നും ഒരു കുട്ടി ഹുസൂറിനോട് ചോദിച്ചു.

അതിന് അവിടുന്ന് മറുപടിയായി പറഞ്ഞു: 'ഇവിടെയും സ്കൂളുകളിൽ കുട്ടികൾക്ക് iPad നൽകുന്നുണ്ട്. എന്നാൽ സ്കൂളുകാർ മോശം വെബ്സൈറ്റുകൾ ബ്ലോക്ക് ചെയ്തിട്ടുണ്ടാകും, അവ തുറക്കാൻ കഴിയില്ല. അതിനാൽ നിങ്ങളുടെ മാതാപിതാക്കളോട് പറയുക, അല്ലെങ്കിൽ നിങ്ങൾക്ക് അറിയാമെങ്കിൽ സോഷ്യൽ മീഡിയയിലെ മോശം സൈറ്റുകൾ കണ്ടെത്തി സ്വയം ബ്ലോക്ക് ചെയ്യുക. നിങ്ങളുടെ പഠനത്തിന് ഉപകരിക്കുന്ന നല്ല സൈറ്റുകൾ മാത്രം തുറക്കുക, അതിൽ നിന്ന് പ്രയോജനം നേടുക; അതല്ലാതെ മറ്റൊന്നും കാണരുത്. തെറ്റായ യാതൊന്നും ചെയ്യില്ലെന്ന് നിശ്ചയിക്കുക.'

'ചില സമയങ്ങളിൽ കുട്ടികളുടെ കഥകൾ വരുന്ന സൈറ്റുകളിൽ തെറ്റായ പരസ്യങ്ങൾ വരാറുണ്ട്. ഇത് മനസ്സിനെ മലിനമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു; കുട്ടികളുടെ ചിന്തകൾ മോശമാകുകയും അവർ ചീത്ത കാര്യങ്ങൾ പഠിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അതിനാൽ ഇത്തരം കാര്യങ്ങൾ കണ്ടാൽ ഉടൻ തന്നെ അത് ഉപേക്ഷിച്ച് മുന്നോട്ട് പോവുകയോ മാറ്റുകയോ (change) ചെയ്യുക. ഞാൻ ഒരു അഹ്മദി മുസ്ലിമാണെന്നും നല്ല കാര്യങ്ങൾ ചെയ്യാനും പഠിക്കാനും മാത്രമാണ് ഞാൻ വന്നിട്ടുള്ളതെന്നും ഉറപ്പിച്ചു തീരുമാനിക്കുക.'

'ഏറ്റവും നല്ല വഴി, മാതാപിതാക്കളോട് സംസാരിച്ച് തെറ്റായ കാര്യങ്ങൾ പഠിപ്പിക്കുന്ന സൈറ്റുകൾ മുൻകൂട്ടി ബ്ലോക്ക് ചെയ്യിക്കുക എന്നതാണ്. അത്തരം സൈറ്റുകൾ വരാതിരിക്കാൻ സഹായിക്കുന്ന ആപ്ലിക്കേഷനുകൾ ലഭ്യമാണ്. പിന്നീട് നല്ല കാര്യങ്ങൾ മാത്രം പഠിക്കുക, നല്ല സൈറ്റുകൾ കാണുക, നിങ്ങളുടെ പഠനത്തിന് സഹായിക്കുന്ന വിദ്യാഭ്യാസ പരിപാടികൾ മാത്രം കാണുകയും വായിക്കുകയും ചെയ്യുക.'

'നിങ്ങൾക്ക് സ്കൂളിൽ നിന്ന് iPad നൽകിയിരിക്കുന്നത് പഠിക്കാനാണ്; വെബ്സൈറ്റുകളിലും സോഷ്യൽ മീഡിയയിലും പോയി അനാവശ്യ കാര്യങ്ങൾ ചെയ്യാനല്ല. അതിനാൽ iPad നൽകിയ ലക്ഷ്യം എന്താണോ അത് പൂർത്തിയാക്കുക, അല്ലാതെ മോശം കാര്യങ്ങൾക്ക് ഉപയോഗിക്കരുത്. നല്ല കാര്യങ്ങൾ മാത്രമേ ചെയ്യൂ എന്ന് നിങ്ങൾ നിശ്ചയിക്കണം.'

കൂടിക്കാഴ്ചയുടെ ഒടുവിൽ, ഹുസൂർ കുട്ടികൾക്ക് സ്നേഹത്തോടെ പേനയും ചോക്ലേറ്റും തബറുക്കായി നൽകുകയും, കുട്ടികൾക്ക് അവിടുത്തോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുക്കാനുള്ള ഭാഗ്യം ലഭിക്കുകയും ചെയ്തു. അങ്ങനെ ഈ സന്ദർശനം വളരെ സന്തോഷത്തോടെയും മംഗളകരമായും അവസാനിച്ചു.

പേജ് 2 ൽ നിന്ന്

കരുതുക. പ്രവചനങ്ങൾ അടങ്ങിയിട്ടുള്ള നൂറുകണക്കിന് ഹദീസുകളുണ്ട്; അവയിൽ ഭൂരിഭാഗവും ഹദീസ് പണ്ഡിതന്മാരുടെ അടുക്കൽ വിമർശിക്കപ്പെട്ടതോ, നിർമിതമോ, ബലഹീനമോ ആണ്. എന്നാൽ അവയിലൊന്ന് പൂർത്തിയാവുകയും, ഈ ഹദീസ് ബലഹീനമാണ് എന്നോ ഇതിന്റെ നിവേദകൻ വിശ്വസ്തനല്ല എന്നോ പറഞ്ഞ് നിങ്ങൾ അത് തള്ളിക്കളയുകയാണെങ്കിൽ, ദൈവം സത്യമാണെന്ന് വെളിപ്പെടുത്തിയ ഒരു ഹദീസിനെ നിരസിച്ചതിലൂടെ അത് നിങ്ങളുടെ തന്നെ നിഷ്ഠൂരമായ അവിശ്വാസമായിരിക്കും.

*(കിശ്തിയെ നൂഹ്- ആശയസംഗ്രഹം)*

ഹദീസുകളെ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യക്തമാക്കിയ ശക്തമായ തത്ത്വങ്ങളാണിവ. ഈ യുഗത്തിൽ ദൈവത്താൽ ഹകം, അദ്ൽ (വിധികർത്താവും നീതിമാനും) ആയി അവതരിച്ച അവിടുന്ന് സമർപ്പിച്ച ദൈവിക തീരുമാനങ്ങളെ അംഗീകരിക്കുന്നതിലൂടെ മാത്രമേ നമുക്ക് ഇസ്ലാമിന്റെ കരുത്തിനും നിലനിൽപ്പിനും ഉറപ്പുനൽകാൻ സാധിക്കൂ. അതിനാൽ, ഹദീസുകൾ പരിശോധിക്കുന്നതിലും അവ അനുസരിച്ച് പ്രവർത്തിക്കുന്നതിലും വാഗ്ദത്ത മസീഹ് (അ) നല്കിയ ഈ മാർഗ നിർദ്ദേശങ്ങൾ പിന്തുടരേണ്ടത് അത്യന്താപേക്ഷിതമാണ്.

*(വിവ: എം. മുനവ്വർ അഹ്മദ്)*

## • ഹദീഥുന്നബ്വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

## • ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: അബൂ അർഹം

(44) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഹദ്റത്ത് വാലിദ സാഹിബ പറഞ്ഞു, നിങ്ങളുടെ ദാദാ സാഹിബ്(ഉപ്പാപ്പ) ഖാദിയാനിലെ സ്വത്തിന്റെ ഉടമസ്ഥാവകാശങ്ങൾ നിലനിർത്തിക്കിട്ടുന്നതിന് തുടക്കത്തിൽ വളരെ കേസുകൾ നടത്തുകയും കാശ്മീർ ജോലിയിലും അതിനുശേഷവും എത്ര രൂപ സ്വരൂപിച്ചിരുന്നുവോ -അത് ഏകദേശം ഒരു ലക്ഷമായിരുന്നു- അതെല്ലാം ഈ കേസുകൾക്കായി ചെലവഴിക്കുകയും ചെയ്തു. ഹദ്റത്ത് സാഹിബ് പറഞ്ഞതായി വാലിദ സാഹിബ പറഞ്ഞു: അക്കാലത്ത് അത്രയും രൂപകൊണ്ട് നൂറിരട്ടി വലിയ സ്വത്ത് വാങ്ങാൻ കഴിയുമായിരുന്നു. ഈയുള്ളവൻ പറയുന്നു: ദാദാ സാഹിബിന് എന്തുതന്നെയായാലും ഖാദിയാനും ആപ്രദേശത്തിന്റെ പഴയ പാരമ്പര്യ അവകാശങ്ങളും കൈവിട്ടുപോകരുത് എന്ന ചിന്തയായിരുന്നു: ഉപ്പാപ്പ ഇപ്രകാരം പറയാറുള്ളതായി ഞങ്ങൾ കേട്ടിട്ടുണ്ട്: ഖാദിയാന്റെ ഉടമസ്ഥത എനിക്ക് ഒരു നാട്ടുരാജ്യത്തേക്കാൾ മികച്ചതാണ്. അതുപോലെ ഈയുള്ളവൻ പറയുന്നു: ഞങ്ങളുടെ പൂർവികരാണ് ഖാദിയാൻ അധിവസിപ്പിച്ചത്. അവർ ബാബർ ചക്രവർത്തിയുടെ ഭരണകാലത്തിന്റെ അവസാനത്തിലാണ് ഇന്ത്യയിൽ എത്തിയത്. ഖാദിയാനും അതിനു ചുറ്റുമുള്ള പല മൈൽ ദൂരത്തുള്ള ഗ്രാമങ്ങളും ഞങ്ങളുടെ പൂർവികരുടെ പക്കൽ നാട്ടുരാജ്യമായിട്ടോ ജാഗീർ ആയിട്ടോ ഉണ്ടായിരുന്നു. രാംഗഢി സിഖുകാരുടെ കാലത്ത് ഞങ്ങളുടെ കുടുംബത്തിന് വളരെ പ്രയാസങ്ങൾ കാണേണ്ടിവന്നിട്ടും കടുത്ത നാശം വന്നിട്ടും വീണ്ടും മഹാരാജാ രഞ്ജിത് സിങ്ങിന്റെ ഭരണകാലത്ത് ഞങ്ങളുടെ ജാഗീറിന്റെ കുറെ ഭാഗം ഞങ്ങളുടെ പൂർവികർക്ക് തിരികെ ലഭിച്ചിരുന്നു. എന്നാൽ പിന്നെ ബ്രിട്ടീഷ് ഭരണത്തിന്റെ തുടക്കത്തിൽ കഴിഞ്ഞ പല അവകാശങ്ങളും കണ്ടുകെട്ടപ്പെടുകയും, ദാദാ സാഹിബ് വൻതോതിൽ പണം ചെലവഴിച്ച പല കേസുകൾക്കും ശേഷം, ഖാദിയാനും അതിനുള്ളിൽ ഉൾപ്പെട്ട രണ്ട് ഗ്രാമങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശവും ഖാദിയാനടുത്തുള്ള മൂന്ന് ഗ്രാമങ്ങളുടെ മേലുള്ള തഅ്ലുഖ്ദാരി(നിയന്ത്രണാധികാരം) അവകാശങ്ങളും ഞങ്ങളുടെ കുടുംബത്തിനായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഈ അവകാശങ്ങൾ ഇന്നുവരെ നിലനിൽക്കുന്നുണ്ട്. എങ്കിലും ഇടയ്ക്ക് സ്വന്തം ബന്ധുക്കൾ ചിലരുടെ കേസുകൾ കാരണം ഞങ്ങളുടെ തായാ സാഹിബിന്റെ(മൂത്താപ്പ) കാലത്ത് ഖാദിയാനിലെ സ്വത്തിന്റെ വലിയൊരു ഭാഗം ലാഹോറിലെ മിർസാ അഅ്സം ബേഗിന്റെ കുടുംബത്തിന്റെ പക്കൽ പോകുകയും ഏകദേശം മുപ്പത്തഞ്ച് വർഷത്തോളം അതേ കുടുംബത്തിൽ തുടരുകയും ചെയ്തു. എന്നാൽ ഇപ്പോൾ അടുത്തകാലത്ത് ആ ഭാഗവും ദൈവത്തിന്റെ അനുഗ്രഹത്താൽ ഞങ്ങൾക്ക് തിരികെ ലഭിച്ചിരിക്കുന്നു. വാലിദ സാഹിബ് പറയാറുണ്ടായിരുന്നു, നിങ്ങളുടെ തായയുടെ കാലത്ത് ഖാദിയാനിലെ സ്വത്തിന്റെ വലിയൊരു ഭാഗം മിർസാ അഅ്സം ബേഗിന് ലഭിച്ചപ്പോൾ നിങ്ങളുടെ തായയ്ക്ക് കടുത്ത ആഘാതമുണ്ടാകുകയും, അതിനാൽ അദ്ദേഹം രോഗബാധിതനാകുകയും, ഏകദേശം രണ്ട് വർഷത്തിന് ശേഷം അതേ രോഗത്തിൽ മരണപ്പെടുകയും ചെയ്തു. എങ്കിലും വിധി എതിരായിട്ടുപോലും അദ്ദേഹം തന്റെ ജീവിതകാലത്ത് എതിർകക്ഷിക്ക് കൈവശാവകാശം നല്കിയില്ല. ഈയുള്ളവൻ പറയുന്നു: ഇത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുള്ള അതേ കേസും അതേ വിധിയുമാണ്. താൻ തന്റെ സഹോദരനെ തടയുകയും എതിർനിൽക്കരുതെന്നും അവകാശം അംഗീകരിക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തിരുന്നു, കാരണം കേസിന്റെ ഫലം എതിരായിരിക്കുമെന്ന് ദൈവം അദ്ദേഹത്തെ അറിയിച്ചിരുന്നു. എന്നാൽ ഹദ്റത്ത് സാഹിബ് അരുളുന്നതായി പറഞ്ഞു: ഭായ് സാഹിബ് ഒഴികഴിവ് പറയുകയും അനുസരിക്കാതിരിക്കുകയും ചെയ്തു. പിന്നീട് വിധി വന്നുവെന്ന വാർത്ത ലഭിച്ചപ്പോൾ ആ സമയത്ത് ഹദ്റത്ത് സാഹിബ് തന്റെ മുറിയിലായിരുന്നു. തായാ സാഹിബ് പുറത്തുനിന്ന് വിറച്ചുകൊണ്ട് വിധിയുടെ കടലാസ് കയ്യിൽ പിടിച്ചുകൊണ്ട് അകത്തേക്ക് വരുകയും ഹദ്റത്ത് സാഹിബിന്റെ മുന്നിൽ ആ കടലാസ് ഇടുകയും പറഞ്ഞു: നോക്കൂ ഗുലാം അഹ്മദ്, നിങ്ങൾ എന്താണോ പറഞ്ഞിരുന്നത് അതുതന്നെ സംഭവിച്ചിരിക്കുന്നു. തുടർന്ന് ബോധരഹിതനായി വീണു. വാലിദ സാഹിബ് പറയാറുണ്ടായിരുന്നു, പിന്നീട് തായാ സാഹിബിന്റെ വഫാത്തിനുശേഷം ഹദ്റത്ത് സാഹിബ് മിർസാ സുൽത്താൻ അഹ്മദ് സാഹിബിനെ വിളിച്ച് പറഞ്ഞു: കൈവശാവകാശം വിട്ടുകൊടുക്കൂ. അങ്ങനെ മിർസാ സുൽത്താൻ അഹ്മദ് സാഹിബ് വിധിക്കനുസരിച്ച് കൈവശാവകാശം വിട്ടുകൊടുക്കുകയും സ്വത്തിന്റെ കുറെ ഭാഗം തുച്ഛവിലയ്ക്ക് വിറ്റ് ചെലവിനുള്ള സംഖ്യയും വീട്ടുകയും ചെയ്തു.

(ഈ വിവരണത്തിൽ ഈയുള്ളവന്റെ ഭാഗത്തുനിന്ന് ചേർക്കപ്പെട്ടിട്ടുള്ള 'ഖാദിയാനും അതിനുള്ളിൽ ഉൾപ്പെട്ട രണ്ട് ഗ്രാമങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശം... അംഗീകരിക്കപ്പെട്ടു' എന്ന ഈ വാചകം ശരിയല്ല, മറിച്ച് എഴുത്തിൽ വന്ന അബദ്ധം കാരണമാണ് ഈ വാക്കുകൾ രേഖപ്പെടുത്തപ്പെട്ടത്. കാരണം യാഥാർത്ഥ്യം ഇതാണ്, ഖാദിയാനിൽ ഉൾപ്പെട്ട ഖാദിറാബാദ്, അഹ്മദാബാദ് എന്ന് പേരുള്ള രണ്ട് ഗ്രാമങ്ങളും ബ്രിട്ടീഷ് ഭരണം സ്ഥാപിതമായതിനുശേഷമാണ് ദാദാ സാഹിബ് അധിവസിപ്പിച്ചത്. അതിനാൽ 'അതിനുള്ളിൽ ഉൾപ്പെട്ട രണ്ട് ഗ്രാമങ്ങൾ' എന്ന വാക്കുകൾ ഒഴിവാക്കപ്പെട്ടതായി കണക്കാക്കേണ്ടതാണ്.)

45. ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഈയുള്ളവൻ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പിതാവ് മിർസാ ഗുലാം മുർത്തസാ സാഹിബ് 1876-ൽ ജൂൺ മാസത്തിലോ അല്ലെങ്കിൽ ഹദ്റത്ത് സാഹിബിന്റെ ഒരു രേഖയനുസരിച്ച് 1875 ആഗസ്റ്റ് 20-ലോ വഫാത്തായി, അവിടുത്തെ സഹോദരൻ മിർസാ ഗുലാം ഖാദിർ സാഹിബ് 1883-ൽ മരണപ്പെട്ടു. ദാദാ സാഹിബിന്റെ പ്രായം വഫാത്തായ സമയത്ത് എൺപതിനു മുകളിലായിരുന്നു, തായാ സാഹിബിന്റെ പ്രായം അൻപത്തഞ്ച് വർഷത്തിനടുത്തായിരുന്നു. ഹദ്റത്ത് മസീഹിന്റെ ജനന തീയതിയെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്. അവിടുത്തെ സ്വന്തം രേഖകൾ പോലും ഇക്കാര്യത്തിൽ വ്യത്യസ്തമാണ്. യഥാർഥത്തിൽ അത് സിഖുകാരുടെ കാലമായിരുന്നു, ജനനങ്ങളുടെ യാതൊരു രേഖയും സൂക്ഷിക്കപ്പെട്ടിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് ചില സ്ഥലങ്ങളിൽ 1839 അല്ലെങ്കിൽ 1840 എന്ന് വ്യക്തമാക്കിയിട്ടുണ്ട്, എന്നാൽ അവിടുത്തെ സ്വന്തം മറ്റു രേഖകളിലൂടെ അത് നിഷേധിക്കപ്പെടുന്നുണ്ട്. വാസ്തവത്തിൽ അവിടുന്ന് തന്റെ പ്രായത്തെക്കുറിച്ച് തന്റെ ഊഹങ്ങളെ അനിശ്ചിതമായവയായി പ്രഖ്യാപിച്ചിട്ടുണ്ട്. ബറാഹീനെ അഹ്മദീയ അഞ്ചാം ഭാഗം പേജ് 193 കാണുക. (കൂടാതെ ശരിയായ തീയതി 1836 ആണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു)

(അതുപോലെ ഈയുള്ളവൻ പറയുന്നു: ഹദ്റത്ത് സാഹിബിന്റെ മറ്റൊരു രേഖയിലൂടെ ദാദാ സാഹിബിന്റെ വഫാത്തിന്റെ തീയതി 1874 ജൂൺ ആണെന്ന് സ്ഥിരീകരിക്കപ്പെടുന്നു. എന്നാൽ എന്റെ അന്വേഷണത്തിൽ 1875-ഉം 1874-ഉം രണ്ടും തെറ്റാണ്, ഔദ്യോഗിക രേഖകളിൽ നിന്ന് മനസ്സിലാകുന്നതുപോലെ ശരിയായ തീയതി 1876 ആകുന്നു. എന്നാൽ ഹദ്റത്ത് സാഹിബിന് ഓർമ്മയുണ്ടായിരുന്നില്ല. (വല്ലാഹു അഅ്ലം)

(46) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഹദ്റത്ത് വാലിദ സാഹിബ എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ച് സഹോദരി സഹോദരന്മാരായിരുന്നു. ഹദ്റത്ത് സാഹിബിന്റെ ഏറ്റവും മൂത്ത സഹോദരിയെ മിർസാ ഗുലാം ഗൗസ് ഹോശ്യാർപൂരിയാണ് വിവാഹം ചെയ്തത്. ഹദ്റത്ത് സാഹിബിന്റെ ഈ സഹോദരിയ്ക്ക് റുഅ്യായും(സ്വപ്നദർശനം) കശ്ഫും(ജാഗ്രതാദർശനം) ലഭിക്കുമായിരുന്നു, അവരുടെ പേര് മുറാദ് ബീബി എന്നായിരുന്നു. അവരേക്കാൾ ഇളയത് മിർസ ഗുലാം ഖാദിർ സാഹിബ് ആയിരുന്നു. അതിനേക്കാൾ ഇളയത് കുട്ടിക്കാലത്ത് മരണപ്പെട്ടുപോയ ഒരു ആൺകുട്ടിയായിരുന്നു. അതിനേക്കാൾ ഇളയത് അദ്ദഹത്തോടൊപ്പം ഇരട്ടയായി ജനിക്കുകയും പെട്ടെന്ന് മരണപ്പെടുകയും ചെയ്ത ഹദ്റത്ത് സാഹിബിന്റെ സഹോദരിയായിരുന്നു, അവരുടെ പേര് ജന്നത്ത് എന്നായിരുന്നു. ഏറ്റവും ഇളയത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആയിരുന്നു. വാലിദ സാഹിബ് വിവരിക്കുമായിരുന്നു, ഹദ്റത്ത് സാഹിബ് പറയുന്നു, ഞങ്ങളുടെ മൂത്ത സഹോദരിക്ക് ഒരിക്കൽ ഒരു മഹാത്മാവ് സ്വപ്നത്തിൽ ഒരു തഅ്വീള്(മന്ത്രച്ചരട്) കെട്ടിയിരുന്നു. ഉണർന്നപ്പോൾ കൈയിൽ ഭോജ്പത്ര(താളിയോല)യിൽ എഴുതപ്പെട്ട സൂറത്തു മർയം ഉണ്ടായിരുന്നു. (ഈയുള്ളവൻ പറയുന്നു: ഞാൻ ഈ താളിയോല കണ്ടിട്ടുണ്ട്, അത് ഇന്നുവരെ ഞങ്ങളുടെ ജ്യേഷ്ഠപത്നി അതായത് മിർസാ റഷീദ് അഹ്മദ് സാഹിബിന്റെ മാതാവിന്റെ അരികിൽ

**• ഹദീഥുന്നബ്വി ﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

സൂക്ഷിക്കപ്പെട്ടിരിക്കുന്നു.)


(47) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഈയുള്ളവൻ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദിവ്യവെളിപാടുകൾ വളരെ മുമ്പേതന്നെ ലഭിച്ചു തുടങ്ങിയിരുന്നുവെങ്കിലും, അല്ലാഹുവിന്റെ പക്കൽ നിന്ന് സൃഷ്ടികളുടെ പരിഷ്കരണത്തിനായി അദ്ദേഹം വ്യക്തമായ രീതിയിൽ നിയോഗിക്കപ്പെട്ട വെളിപാട് 1882 മാർച്ച് മാസത്തിലാണ് ഉണ്ടായത്. തദവസരത്തിൽ മഹാത്മാവ് ബറാഹീൻ അഹ്മദിയ മൂന്നാം ഭാഗം എഴുതുകയായിരുന്നു (ബറാഹീൻ അഹ്മദിയ മൂന്നാം ഭാഗം പേജ് 238). എന്നാൽ ആ സമയത്ത് ബൈഅത്തിന്റെ പരമ്പര ആരംഭിച്ചിരുന്നില്ല, മറിച്ച് അതിനായി കൂടുതൽ കൽപ്പന വരുന്നത് വരെ കാത്തിരുന്നു. അങ്ങനെ ദിവ്യകല്പന ഇറങ്ങിയപ്പോൾ അദ്ദേഹം ബൈഅത്തിനായി 1888 ഡിസംബറിൽ പ്രഖ്യാപനം നടത്തുകയും വിജ്ഞാപനത്തിലൂടെ ആളുകളെ ക്ഷണിക്കുകയും 1889ന്റെ തുടക്കത്തിൽ ബൈഅത്ത് സ്വീകരിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ആ സമയം വരെയും അദ്ദേഹത്തിന് മുജദ്ദിദ്(ദിവ്യ പരിഷ്കർത്താവ്), മാമൂർ(ദൈവനിയുക്തൻ) ആണെന്ന അവകാശവാദം മാത്രമാണ് ഉണ്ടായിരുന്നത്. ദൈവനിയുക്തനാണെന്ന വാദത്തിന്റെ തുടക്കം മുതൽ തന്നെ വെളിപാടുകളിൽ അദ്ദേഹം മസീഹ് മൗഊദ് ആണെന്നതിലേക്ക് വ്യക്തമായ സൂചനകൾ ഉണ്ടായിരുന്നുവെങ്കിലും, ദൈവവിധിയാൽ ഒരു കാലഘട്ടം വരെ അദ്ദേഹം താൻ മസീഹ് മൗഊദ് ആണെന്ന വാദം ഉന്നയിച്ചില്ല. മറിച്ച് എനിക്ക് സൃഷ്ടികളുടെ നന്മയ്ക്കായി നസ്രേത്തിലെ മസീഹിന്റെ നിറം ചാർത്തപ്പെട്ടിരിക്കുന്നു എന്നും എനിക്ക് മസീഹുമായി സാദൃശ്യമുണ്ട് എന്നും മാത്രമാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത്. അതിനുശേഷം 1891ന്റെ തുടക്കത്തിൽ അദ്ദേഹം നസ്രേത്തിലെ മസീഹ് മരണപ്പെട്ടുവെന്ന തന്റെ വിശ്വാസപ്രഖ്യാപനം നടത്തുകയും, ഈ സമുദായത്തിനായി വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് താനാണ് എന്ന് അവകാശപ്പെടുകയും ചെയ്തു. അദ്ദേഹത്തിനെതിരെയുള്ള പൊതുവായ എതിർപ്പുകളുടെ യഥാർഥ പരമ്പര ഈ വാദത്തിൽ നിന്നാണ് ആരംഭിക്കുന്നത്. അദ്ദേഹം നബിയും റസൂലും ആണെന്നതു സംബന്ധിച്ചും പ്രാരംഭ വെളിപാടുകളിൽ വ്യക്തമായ സൂചനകൾ കാണപ്പെടുന്നുണ്ട്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ഉദയം സംഭവിക്കുന്നത് വരെ ഈ വാദത്തിൽ നിന്നും ദൈവിക ഇച്ഛാശക്തി അദ്ദേഹത്തെ തടഞ്ഞുനിർത്തി. അതിനുശേഷമാണ് അദ്ദേഹം തന്നെ സംബന്ധിച്ച് നബി, റസൂൽ എന്നീ വാക്കുകൾ വ്യക്തമായി ഉപയോഗിക്കാൻ തുടങ്ങിയത്. പ്രത്യേകിച്ച് ശ്രീകൃഷ്ണൻ(അ)ന്റെ പ്രതിരൂപമാണെന്ന വാദമാകട്ടെ, അദ്ദേഹം അതിനും വളരെ ശേഷം അതായത് 1904-ൽ ആണ് പ്രസിദ്ധീകരിച്ചത്. ഇതെല്ലാം ദൈവീകമായ ഇടപെടലിന് കീഴിലാണ് സംഭവിച്ചത്. അതിൽ അദ്ദേഹത്തിന് ചെറിയൊരു പങ്ക് പോലുമില്ലായിരുന്നു. നബി തിരുമേനി (സ)യുടെ ജീവിത സാഹചര്യങ്ങളിലും ഇതേപോലെയുള്ള ക്രമാനുഗതമായ ഉദയമാണ് കാണാൻ കഴിയുന്നത്. ഇവിടെ ദൈർഘ്യഭയത്താൽ പരാമർശിക്കാത്ത പല യുക്തികളും അതിലുണ്ട്.

(48) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഈയുള്ളവൻ പറയുന്നു: ഞങ്ങളുടെ ദാദാ സാഹിബിന്റെ പിതാമഹൻ അതായത് മിർസാ ഗുൽ മുഹമ്മദ് സാഹിബ് വലിയ ഭക്തനും സൂക്ഷ്മതയുള്ളവനും വിജ്ഞാന കുതുകിയുമായ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഖാദിയാൻ കർമ്മനിരതരായ പണ്ഡിതന്മാരുടെ ഒരു കേന്ദ്രമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് സിഖുകാരുടെ ഭാഗത്തുനിന്ന് ഞങ്ങളുടെ പാരമ്പര്യ ഭരണപ്രദേശത്തിന്മേൽ ആക്രമണങ്ങൾ ആരംഭിക്കുകയും പല ഗ്രാമങ്ങളും നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും പരമ്പരാഗത ഭൂസ്വത്തിന്റെ വലിയൊരു ഭാഗം അദ്ദേഹം സംരക്ഷിച്ചു നിർത്തി. 1800-ൽ അദ്ദേഹത്തിന്റെ വിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രൻ മിർസ അതാ മുഹമ്മദ് സാഹിബ് കുടുംബത്തിന്റെ തലവനായി. അദ്ദേഹത്തിന്റെ കാലത്ത് റാംഗഢിയാ സിഖുകാർ മുഴുവൻ ഭരണകൂടവും പിടിച്ചെടുക്കുകയും, അന്ന് ചുറ്റുമതിലിനാൽ സംരക്ഷിക്കപ്പെട്ടിരുന്ന ഖാദിയാനിൽ അദ്ദേഹത്തിന് ഉപരോധമേൽക്കേണ്ടി വരുകയും ചെയ്തു. ഒടുവിൽ സിഖുകാർ ചതിയിലൂടെ നഗരം പിടിച്ചെടുക്കുകയും ഞങ്ങളുടെ ഗ്രന്ഥശാല കത്തിച്ചുകളയുകയും മിർസാ അതാ മുഹമ്മദ് സാഹിബിന് ബന്ധുക്കളോടൊപ്പം ഖാദിയാനിൽ നിന്ന് ഇറങ്ങിപ്പോകേണ്ടി വരുകയും ചെയ്തു. അങ്ങനെ മിർസാ അതാ മുഹമ്മദ് സാഹിബ് കപൂർത്തല ഭരണകൂടത്തിലെ ബീഗോവാലിലേക്ക് പോയി. അവിടുത്തെ സിഖ് ഭരണാധികാരി അദ്ദേഹത്തിന് വലിയ ബഹുമാനാദരങ്ങളോടേ സ്ഥലം നല്കുകയും അതിഥിയായി സ്വീകരിക്കുകയും ചെയ്തു. കുറെ വർഷങ്ങൾക്ക് ശേഷം മിർസാ അതാ മുഹമ്മദ് സാഹിബിന് ശത്രുക്കൾ വിഷം നല്കുകയും അദ്ദേഹം മരണപ്പെടുകയും ചെയ്തു. വാലിദ സാഹിബ് വിവരിക്കുന്നു: ആ സമയത്ത് ഞങ്ങളുടെ ദാദാ സാഹിബ് ചെറുപ്പമായിരുന്നിട്ടും അദ്ദേഹം തന്റെ പിതാവിന്റെ ജനാസ ഖാദിയാനിലേക്ക് കൊണ്ടുവന്നു. അങ്ങനെ കുടുംബത്തിന്റെ ഖബർസ്ഥാനിൽ അടക്കം ചെയ്തു. ഇവിടുത്തെ സിഖുകാർ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ ഖാദിയാനിലെ പൊതുജനങ്ങൾ, പ്രത്യേകിച്ച് താഴെത്തട്ടിലുള്ള സാധാരണക്കാർ ദാദാ സാഹിബിനെ പിന്തുണച്ചു. ലഹളയുണ്ടാകുമോ എന്ന ഭയം സിഖുകാരിൽ ഉണ്ടാകുവോളം കാര്യങ്ങൾ എത്തി. അതിനാൽ അവർ അനുവാദം നല്കി. അതിനുശേഷം ദാദാ സാഹിബ് തിരികെ പോയി. ഈ കാലഘട്ടത്തിൽ സിഖുകാർ ഞങ്ങളുടെ എല്ലാ സ്വത്തുക്കളും വീടുകളും പിടിച്ചെടുത്തിരുന്നു, ചില മസ്ജിദുകളെ ധർമ്മശാലകളാക്കി മാറ്റുകയും ചെയ്തിരുന്നു. പിന്നീട് മഹാരാജ രൺജീത് സിംഗിന്റെ ഭരണകാലത്ത് റാംഗഢിയാക്കളുടെ ശക്തി തകരുകയും ഭരണം മഹാരാജ രൺജീത് സിംഗിന്റെ കീഴിൽ വരുകയും ചെയ്തു. ആ സമയത്ത് ദാദാ സാഹിബ് മഹാരാജാവിൽ നിന്ന് തന്റെ പാരമ്പര്യ സ്വത്തിന്റെ ഒരു ഭാഗം തിരിച്ചുവാങ്ങുകയും ഖാദിയാനിലേക്ക് തിരിച്ചെത്തുകയും ചെയ്തു. അതിനുശേഷം ദാദാ സാഹിബും അദ്ദേഹത്തിന്റെ ഇളയ സഹോദരൻ മിർസാ ഗുലാം മുഹ്‌യുദ്ദീൻ സാഹിബും മഹാരാജ രൺജീത് സിംഗിന്റെ കീഴിൽ പല സൈനിക സേവനങ്ങളും നിർവഹിച്ചു. ഈ കാര്യങ്ങളെല്ലാം സർ ലീപെൽ ഗ്രിഫിൻ രചിച്ച പഞ്ചാബ് ചീഫ്സ് എന്ന പുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. സിഖ് ഭരണത്തിന്റെ അവസാനത്തിൽ വീണ്ടും രാജ്യത്ത് അശാന്തി പടരുകയും ഞങ്ങളുടെ കുടുംബം വീണ്ടും പ്രയാസങ്ങൾ നേരിടുകയും ചെയ്തു. ഞങ്ങളുടെ ദാദാ സാഹിബും അദ്ദേഹത്തിന്റെ സഹോദരൻ മിർസാ ഗുലാം മുഹ്‌യുദ്ദീൻ സാഹിബും ബസ്രവാൻ കോട്ടയിൽ തടവിലാക്കപ്പെട്ട സംഭവം ഒരുപക്ഷേ ഇതേ കാലഘട്ടത്തിലെതാണ്. അതിനുശേഷം ബ്രിട്ടീഷുകാർ വന്നപ്പോൾ അവർ ഞങ്ങളുടെ കുടുംബ വക സ്വത്ത് കണ്ടുകെട്ടി. വാർഷികമായി ഏഴ് നൂറു രൂപയുടെ ഒരു ഓണററി പെൻഷൻ പണമായി നിശ്ചയിച്ചു. അത് ഞങ്ങളുടെ ദാദാ സാഹിബിന്റെ വിയോഗത്തിൽ നൂറ്റി എൺപതായി കുറയുകയും പിന്നീട് തായാ സാഹിബിന് ശേഷം പൂർണമായി നിലയ്ക്കുകയും ചെയ്തു. കൂടാതെ, ഈ വലിയ മാറ്റങ്ങൾ അതായത് സിഖ് ഭരണത്തിന്റെ അവസാന കാലത്തെ അശാന്തിയും പിന്നീട് ഭരണകൂടത്തിന്റെ മാറ്റവും നിമിത്തം ഖാദിയാനും അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങളുടെ ഉടമസ്ഥാവകാശത്തെക്കുറിച്ച് പല ചോദ്യങ്ങളും തർക്കങ്ങളും ഉടലെടുക്കുകയും ചെയ്തു. അങ്ങനെ ഈ കാലഘട്ടത്തിൽ ചില ഗ്രാമങ്ങളെ സംബന്ധിച്ച് ഞങ്ങളുടെ അവകാശങ്ങൾ പൂർണമായി വിനഷ്ടമാകുകയും ഖാദിയാനും ചില അനുബന്ധ ഗ്രാമങ്ങളും സംബന്ധിച്ച് ദാദാ സാഹിബ് വലിയ തുക ചെലവഴിച്ച് ചില അവകാശങ്ങൾ തിരികെ നേടുകയും ചെയ്തു. കേട്ടറിവനുസരിച്ച്, കേസുകൾക്ക് മുമ്പ് ദാദാ സാഹിബ് എല്ലാ ബന്ധുക്കളോടും പറഞ്ഞു: ഞാൻ കേസ് കൊടുക്കാൻ ആഗ്രഹിക്കുന്നു, നിങ്ങളും കൂടെ ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ചേരുക.എന്നാൽ വിജയം സാധ്യത കുറവായതിനാൽ എല്ലാവരും നിരസിക്കുകയും താങ്കൾ തന്നെ കേസ് കൊടുക്കുക, എന്തെങ്കിലും ലഭിക്കുകയാണെങ്കിൽ താങ്കൾ തന്നെ എടുത്തുകൊള്ളുക എന്ന് പറയുകയും ചെയ്തു. എന്നാൽ ചില അവകാശങ്ങൾ ലഭിച്ചപ്പോൾ ദാദാ സാഹിബ് തന്റെ സ്വതസിദ്ധമായ ലാളിത്യം മൂലം എല്ലാ ബന്ധുക്കളുടെയും പേര് ഉടമസ്ഥതയുടെ കോളത്തിൽ രേഖപ്പെടുത്തി. എന്നാൽ അത് കൈകാര്യം ചെയ്തത് ദാദാ സാഹിബ് മാത്രമായിരുന്നു. ബാക്കിയുള്ളവർക്ക് വരുമാനത്തിൽ നിന്ന് കുറച്ചു ഭാഗം ലഭിക്കാറുണ്ടായിരുന്നു.

തുടരും

• ഹദീഥുന്നബ്‌വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA ATH KARULAI, MALAPPURAM,KERALA.

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian | Vol-11 Issue:33
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 **Thursday 13 August 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

## സീറത്തുന്നബി(സ)

വിവ: അബൂ അഫ്റഹ്

### ആദ്യകാല നബിചരിത്രങ്ങളും ചരിത്ര ഗ്രന്ഥങ്ങളും

| | | | |
|---|---|---|---|
| 4 | സീറത്ത് ഇബ്നു ഹിശാം | അബ്ദുൽ മാലികുബ്നു ഹിശാം (ഹിജ്റ 213-ൽ വഫാത്ത്). | ഇദ്ദേഹം വലിയ പദവിയുള്ള ചരിത്രകാരനാണ്, കൂടാതെ ആധികാരികനായി കണക്കാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സീറത്ത് (നബി ചരിത്രം), പ്രധാനമായും ഇബ്നു ഇസ്ഹാഖിന്റെ സീറത്ത് അടിസ്ഥാനമാക്കിയുള്ളതാണ്, അസാധാരണമാം വണ്ണം സമഗ്രവും പൂർണവുമാണ്. സീറത്തിന്റെ ഗ്രന്ഥങ്ങളിൽ, അദ്ദേഹത്തിന്റെ രചന മറ്റെല്ലാവരേക്കാളും സ്വീകാര്യവും പ്രശസ്തവുമാണ്. |
| 5 | കിതാബുസ്സീറത്ത് വ കിതാബുൽ മഗാസീ | മുഹമ്മദ് ബിൻ ഉമർ അൽ വാഖിദി (ഹിജ്റ 130 – ഹിജ്റ 207). | ഇദ്ദേഹം വലിയ തോതിൽ വിവരങ്ങൾ കൈവശം വച്ചിരുന്ന ഒരു ചരിത്രകാരനായിരുന്നു. സത്യവും അസത്യവും, സ്വഹീഹും ളഈഫും തമ്മിൽ വേർതിരിച്ചറിയുന്നവനല്ലായിരുന്നതിനാൽ, മിക്ക ഗവേഷകരായ പണ്ഡിതരുടെയും അടുക്കൽ അദ്ദേഹത്തിന്റെ രേഖപ്പെടുത്തപ്പെട്ട കൃതികൾ വിശ്വസനീയവും ആധികാരികവുമല്ല. അദ്ദേഹവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക കുറിപ്പ് പിന്നീട് ചേർക്കുന്നതാണ്. |
| 6 | തബഖാത്തെ കബീർ | മുഹമ്മദ് ബിൻ സഅദ് (ഹിജ്റ 168 – ഹിജ്റ 230). | വാഖിദിയുടെ പ്രമുഖ ശിഷ്യന്മാരിൽ പെട്ടയാളും അദ്ദേഹത്തിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചയാളുമായിരുന്നു ഇബ്നു സഅദ്. എങ്കിലും, ഈ ബന്ധമുണ്ടായിരുന്നിട്ടും, അദ്ദേഹം തന്നെ വിശ്വസ്തനും ആധികാരികനുമായി കണക്കാക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥം 12 വാള്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്, അത് അവിശ്വസനീയമാംവിധം സമഗ്രമായ അറിവിന്റെ നിധി ഉൾക്കൊള്ളുന്നു. ആദ്യത്തെ രണ്ട് വാല്യങ്ങൾ നബി തിരുമേനി(സ)യുടെ ജീവിതത്തെക്കുറിച്ചുള്ളതാണ്, ബാക്കിയുള്ളവ സ്വഹാബികളെക്കുറിച്ചും പ്രതിപാദിക്കുന്നു. വാഖിദിയുടെ നിവേദനങ്ങളെ മാറ്റിനിർത്തിയാൽ, ഈ പുസ്തകം മികച്ചതും ആധികാരികവുമാണ്. |
| 7 | താരിഖുൽ ഉമം വൽ മുലൂക് | അബൂ ജഅ്ഫർ മുഹമ്മദ് ഇബ്നു ജരീർ അത്ത്വബരി (ഹിജ്റ 224 – ഹിജ്റ 310). | ഇതൊരു സീറത്തിന്റെ ഗ്രന്ഥമല്ല, മറിച്ച് ചരിത്ര പുസ്തകമാണ്. നബി തിരുമേനി(സ)യുടെ ജീവചരിത്രവും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, ഈ കൃതിയും സീറത്തിന്റെ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇസ്ലാമിന്റെ പ്രമുഖരും വിശിഷ്ടരുമായ പണ്ഡിതന്മാരിൽ പെട്ടയാളായിരുന്നു ത്വബരി, 12 വാള്യങ്ങളിലായി പരന്നു കിടക്കുന്ന അദ്ദേഹത്തിന്റെ കൃതി, ചരിത്രത്തിന്റെ അവിശ്വസനീയമാംവിധം സമഗ്രമായ ഒരു ഗ്രന്ഥമായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇബ്നു ഇസ്ഹാഖ്, വാഖിദി, ഇബ്നു സഅദ് എന്നിവരുടെ നിവേദനങ്ങൾ ശേഖരിക്കുന്നതിനു പുറമേ, അദ്ദേഹം മറ്റു പല പുതിയ നിവേദനങ്ങളും ശേഖരിച്ച് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്, കൂടാതെ സീറത്തിലും ചരിത്രത്തിലും അതിശയിപ്പിക്കുന്ന മികച്ചൊരു നിധി അവശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| 8 | ശമാഇലു തിർമിദി | അബൂ ഈസാ മുഹമ്മദ് ബിൻ ഈസാ തിർമിദി (ഹിജ്റ 209 – ഹിജ്റ 279). | തിർമിദിയുടെ ഹദീഥ് ശേഖരണം ഹദീഥിന്റെ വിഭാഗത്തിൽ ഇതിനകം പരാമർശിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും, നബി തിരുമേനി(സ)യുടെ സത്ഗുണങ്ങളെക്കുറിച്ച് അദ്ദേഹം ഒരു പ്രത്യേക ഗ്രന്ഥവും രചിച്ചിട്ടുണ്ട്, അത് അദ്ദേഹത്തിന്റെ അനുഗൃഹീതമായ രൂപഭാവങ്ങളെയും വ്യക്തിപരമായ ശീലങ്ങളെയും ആചാരങ്ങളെയും മികച്ചതും എന്നാൽ സംക്ഷിപ്തവുമായ രീതിയിൽ വിവരിക്കുന്നു. |
| 9 | കിതാബുൽ മാരിഫ് | അബ്ദുല്ല ബിൻ മുസ്ലിം ബിൻ ഖുതൈബ (ഹിജ്റ 213 – ഹിജ്റ 276). | ഈ പുസ്തകം അറേബ്യൻ ചരിത്രവും ഇസ്ലാമിനെക്കുറിച്ചുള്ള പൊതുവായ വിവരങ്ങളും ഉൾക്കൊള്ളുന്നതാണ്, അതിൽ നബി തിരുമേനി(സ)യുമായും അദ്ദേഹത്തിന്റെ ചില വിശിഷ്ടരായ സ്വഹാബികളുമായും ബന്ധപ്പെട്ട വസ്തുതകളും അടങ്ങിയിരിക്കുന്നു. |

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin